II. അടിയന്തിരപ്രമേയം

സെക്രട്ടേറിയറ്റിനുമുമ്പിൽ വിദ്യാർത്ഥി മാർച്ചിന് നേരെ നടന്നതായി പറയപ്പെടുന്ന പോലീസ് അതിക്രമം

മി. സ്പീക്കർ: വിദ്യാഭ്യാസ കച്ചവടത്തിനും ഫീസ് വർദ്ധനയ്ക്കുമെതിരെ സംയുക്ത വിദ്യാർത്ഥി സംഘടനകളുടെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിനുമുമ്പിൽ 10 ദിവസം പിന്നിട്ട വിദ്യാർത്ഥി നേതാക്കളുടെ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹത്തിന് അഭിവാദ്യം അർപ്പിക്കാൻ ഇന്നലെ വിദ്യാർത്ഥികൾ നടത്തിയ മാർച്ചിന് നേരെ പോലീസ് ലാത്തി ചാർജ്ജും ഗ്രനേഡ് ആക്രമണവും കണ്ണീർവാതക പ്രയോഗവും നടത്തുകയും നിരവധി വിദ്യാർത്ഥി-വിദ്യാർത്ഥിനികൾ ഗുരുതരമായ പരിക്കുകളോടെ ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നും വിദ്യാർത്ഥികളുടെ തലയ്ക്കടിച്ച് പൊട്ടിച്ചും കാലും കയ്യും തല്ലിയൊടിച്ചും നിരാഹാരപ്പന്തലിൽ ഗ്രനേഡ് എറിഞ്ഞും പോലീസ് നടത്തിയ ക്രൂര നരനായാട്ടിനെ തുടർന്ന് സംസ്ഥാനത്താകെ ഉളവായിരിക്കുന്ന പ്രക്ഷുബ്ധാവസ്ഥയും വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, സി. കെ. നാണു, പി. സി. ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, ഡോക്ടർ കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A. M.]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് മുന്നിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫീസും പ്രവേശനവും നിയന്ത്രിക്കാൻ നിയമനിർമ്മാണം ആവശ്യപ്പെട്ട് ഇടതുപക്ഷ വിദ്യാർത്ഥി സംഘടനാ നേതാക്കൾ 30-7-2003 മുതൽ അനിശ്ചിതകാല ഉപവാസം ആരംഭിച്ചു. ഉപവാസം അനുഷ്ഠിക്കുന്നവർക്ക് അഭിവാദ്യം അർപ്പിച്ചുകൊണ്ട് ഇടതുപക്ഷ വിദ്യാർത്ഥി സംഘടനകളിൽപ്പെട്ട വിദ്യാർത്ഥികൾ അടക്കം 500-ലേറെ പേർ 7-8-2003-ന് ഉച്ചയ്ക്ക് 12.30 മണിയോടെ ജാഥയായി സെക്രട്ടേറിയറ്റ് മെയിൻ ഗേറ്റ് ഭാഗത്തേയ്ക്ക് വന്നു. പ്രകോപനപരമായി പോലീസിനെതിരെ മുദ്രാവാക്യം മുഴക്കി വന്ന വിദ്യാർത്ഥികൾ യാതൊരു പ്രകോപനവും കൂടാതെ റോഡിൽ വച്ചിരുന്ന ബാരിക്കേഡുകൾ തള്ളിമറിച്ചിടുകയും പോലീസിന് നേരെ ശക്തമായി കല്ലേറ് നടത്തുകയും ചെയ്തു. സമാധാനപരമായി പിരിഞ്ഞുപോകാൻ പോലീസ് ആവശ്യപ്പെട്ടിട്ടും അത് കൂട്ടാക്കാതെ ട്യൂബ് ലൈറ്റ്, പെട്രോൾ ബോംബ് തുടങ്ങിയവ പോലീസിന് നേരെ വലിച്ചെറിഞ്ഞു.....(ബഹളം)..... നിങ്ങളുടെ ആളുകൾ ഉപയോഗിച്ച സാധനങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. അക്രമാസക്തരായ അവർ പിരിഞ്ഞുപോകാൻ ടിയർ ഗ്യാസ്, ഗ്രനേഡ് എന്നിവ ഉപയോഗിച്ചിട്ടുണ്ട്. പിരിഞ്ഞ് പോകാത്തതിനാൽ പോലീസ് അവരെ ലാത്തിവീശി വിരട്ടിയോടിച്ചിട്ടുള്ളതുമാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് സജീഷ്, അരുൺ, ഷാഫി, കുഞ്ഞുമോൻ, ജോഷി ജോസഫ്, സിന്ധു ജോയ്, വിമൽ എന്നിവർക്ക് പരിക്കുപറ്റി തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലും ലതീഷ്, ബിജു എന്നിവർ ജനറൽ ആശുപത്രിയിലും ചികിൽസയിലുണ്ട്. വിദ്യാർത്ഥികളുടെ ആക്രമണത്തിൽ കന്റോൺമെന്റ്, മ്യൂസിയം എന്നീ പോലീസ് സ്റ്റേഷനിലെ സർക്കിൾ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർമാർക്കും ഒരു സബ് ഇൻസ്പെക്ടർക്കും 4 പോലീസുകാർക്കും പരിക്ക് പറ്റി. ഇക്കാര്യത്തിൽ കന്റോൺമെന്റ് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്യുകയും 10 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്ത് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിരുന്ന വിദ്യാർത്ഥി നേതാവ് കോഴിക്കോട് വടകര സ്വദേശി കേളപ്പൻ മകൻ വിമലിനെ ഉച്ചയ്ക്ക് രണ്ട് മണിയോടുകൂടി അവിടെ എത്തിയ ബഹുമാന്യരായ എം. എൽ. എ.-മാരായ സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, മത്തായി ചാക്കോ, എം. വി. ജയരാജൻ, നാണു മാസ്റ്റർ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, രാജു എബ്രഹാം, ഡോക്ടർ തോമസ് ഐസക്ക് എന്നിവർ സ്റ്റേഷനിൽ കടന്ന് ബലാൽക്കാരമായി പുറത്തേയ്ക്ക് കൊണ്ടുവന്ന് ഒരു കാറിൽ കയറ്റി കൊണ്ടു പോയി. ഇക്കാര്യത്തിന് കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾ സെക്രട്ടേറിയറ്റ് ഭാഗത്ത് ആക്രമണം നടത്തുന്ന അവസരത്തിൽതന്നെ മോഡൽ സ്കൂളിലെ ഏതാനും വിദ്യാർത്ഥികൾ മോഡൽ സ്കൂൾ പരിസരത്ത് വച്ച് ഒരു കെ. എസ്. ആർ. ടി. സി. ബസിന് കല്ലെറിഞ്ഞ് നാശനഷ്ടം വരുത്തുകയും കല്ലേറിൽ ഒരു യാത്രക്കാരന് പരിക്ക് പറ്റുകയും ചെയ്തു. ഇക്കാര്യത്തിന് തമ്പാനൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസെടുക്കുകയും 16 വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. ഇതുകൂടാതെ ഉച്ചയ്ക്ക് ഒന്നര മണിയോടുകൂടി ഒരു സംഘം വിദ്യാർത്ഥികൾ മോഡൽ സ്കൂളിന് മുൻവശം റോഡിൽ വച്ച് അതുവഴി വന്ന പേരൂർക്കട മാനസികാരോഗ്യ കേന്ദ്രം വക ഒരു മിനി ബസിനെ തടുത്ത് നിർത്തി അതിന്റെ ചില്ലുകൾ അടിച്ചുതകർക്കുകയും വാഹനത്തിന് തീയിടുകയും ചെയ്തു. ഇതിൽ വാഹനത്തിന്റെ ഡ്രൈവർക്കും അതിലുണ്ടായിരുന്ന നഴ്സിംഗ് അസിസ്റ്റന്റിനും പരിക്ക് പറ്റി. ഇക്കാര്യത്തിന് കന്റോൺമെന്റ് പോലീസ് മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം ജില്ലയിൽ ഒരു കെ. എസ്. ആർ. ടി. സി. ബസിന് നേരെയും എറണാകുളം സിറ്റിയിൽ സിവിൽ സപ്ലൈസ് വക ഒരു കാർ, ഒരു പ്രൈവറ്റ് ബസ്, ഒരു പോലീസ് ജീപ്പ് തൃശ്ശൂരിൽ വാട്ടർ അതോറിറ്റി വക ടെമ്പോ ട്രാക്സ് എന്നിവയ്ക്ക് നേരെയും വിദ്യാർത്ഥികൾ കല്ലെറിഞ്ഞ് നാശനഷ്ടങ്ങൾ വരുത്തിയിട്ടുണ്ട്. കോഴിക്കോട്ട് കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കും വിവിധ സർക്കാർ വകുപ്പുകളിലെ മൂന്ന് ജീപ്പുകൾക്കും രണ്ട് കാറുകൾക്കും ഒരു മിനി ബസിനും കല്ലേറ് നടത്തുകയും പി. ഡബ്ല്യു. ഡി. വക ഒരു ജീപ്പ് ഭാഗികമായി നശിപ്പിക്കുകയും ചെയ്തു. കണ്ണൂരിലും കാസർഗോഡിലും സർക്കാർ വക രണ്ട് കാറുകൾ കല്ലെറിഞ്ഞ് നശിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം സംഭവിച്ചത് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് വി. എസ്. അച്ചുതാനന്ദൻ 30-7-2003-ന് വിദ്യാർത്ഥികൾ ആരംഭിച്ച ഉപവാസസമരം ഉദ്ഘാടനം ചെയ്ത് സംസാരിക്കവേ ഇതൊരു ഗാന്ധിയൻ മാർഗ്ഗത്തിലുടെയുള്ള സമരമാണെന്നും സമരത്തിന് അനുഭാവം പ്രകടിപ്പിച്ച് എത്തുന്ന വരാരും കല്ലെടുക്കില്ല എന്നും പ്രസ്താവിച്ചതിന് ശേഷമാണ് എന്നത് നിർഭാഗ്യകരമാണ്. സുശക്തമായ പോലീസ് സേനയെ ഇപ്പോൾ എല്ലായിടത്തും വിന്യസിച്ചിട്ടുണ്ട്. പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇന്നലെ നടന്ന കവാപം എന്നുപറയാവുന്ന സമരത്തെക്കുറിച്ച് സഭ നിർത്തിവെച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാർത്ഥി സമരത്തെ ഒരു അക്രമ സമരമായും ഒരു കലാപമായും ചിത്രീകരിച്ചുകൊണ്ട് അതിനെ അടിച്ചമർത്താൻ തീരുമാനിച്ചിരിക്കുന്നുവെന്നതിന്റെ പരസ്യ പ്രഖ്യാപനമാണ് ഇപ്പോൾ നടത്തിയിരിക്കുന്നത്. ഇന്നലെ അതിന്റെ തുടക്കമാണ് തിരുവനന്തപുരത്ത് ഉണ്ടായത്. 10 ദിവസമായി സെക്രട്ടേറിയറ്റ് പടിക്കൽ സംസ്ഥാന തലത്തിലുള്ള വിദ്യാർത്ഥി നേതാക്കന്മാരാണ് അനിശ്ചിതമായിട്ട് നിരാഹാര സമരം നടത്തുന്നത്. അവരുടെ ആരോഗ്യസ്ഥിതി വളരെ മോശമായി. 10 ദിവസമായി ടി. വി. രാജേഷ്, കൃഷ്ണപ്രസാദ്, മുജീബ് റഹ്മാൻ, ജീജോ ജോർജ്ജ് തുടങ്ങിയ വിദ്യാർത്ഥികൾ അവിടെ കിടക്കുകയാണ്. 10 ദിവസമായി അവർ മാറിയിട്ടേയില്ല. അവരുടെ ആരോഗ്യ സ്ഥിതി ഇത്രയധികം മോശമായിട്ടും ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി ഗവൺമെന്റ് തലത്തിൽ യാതൊരു പരിശ്രമവും നടത്തിയിട്ടില്ല. ഗാന്ധിയൻ രീതിയിൽത്തന്നെ 10 ദിവസം വിദ്യാർത്ഥികൾ സമരം ചെയ്തുവെന്നതിന്റെ തെളിവാണല്ലോ ഇപ്പോൾ മുഖ്യമന്ത്രി നടത്തിയിട്ടുള്ള പ്രസ്താവന. സമാധാനപരമായി സമരം ചെയ്യുന്ന വിദ്യാർത്ഥികളെ ഗവൺമെന്റ് തിരിഞ്ഞുനോക്കിയില്ല. അവർ അവിടെ നിരാഹാരം കിടന്ന് മരിക്കട്ടെ എന്നൊരു സമീപനം സ്വീകരിച്ചതിന്റെ ഫലമായി, വിദ്യാർത്ഥി സമരത്തെ അടിച്ചമർത്തുക എന്ന തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഇന്നലെ ഇവിടെ ഈ സംഭവങ്ങൾ മുഴുവൻ ഉണ്ടായത്. ഇന്നലെ പ്രകടനമായിട്ട് വന്ന വിദ്യാർത്ഥികൾ എ.ജീസ് ഓഫീസിന്റെ മുന്നിൽ എത്തുമ്പോഴേയ്ക്കും എ.ജീസ് ഓഫീസിന് മുമ്പിൽ മുൻകൂട്ടി തയ്യാറാക്കി നിർത്തിയ പോലീസുകാർ അങ്ങോട്ട് കല്ലെറിയുകയാണ് ചെയ്തത്. പിന്നിൽ നിന്നാണ് കല്ലേറ് വന്നത്. ആ കല്ലേറിനെ തുടർന്ന് വിദ്യാർത്ഥികൾ ചിതറിയോടി. ചിതറിയോടിയ വിദ്യാർത്ഥികളെ പിൻതുടർന്ന് തല്ലുകയാണ് ചെയ്തത്. അവർക്ക് നേരെ ടിയർ ഗ്യാസ് ഷെൽ പൊട്ടിച്ചു; ലാത്തി ച്ചാർജ്ജ് ചെയ്തു. വീണ്ടും തുടരെത്തുടരെ കല്ലേറ് നടത്തി; അവസാനം ഗ്രനേഡ് ആക്രമണവും നടത്തി. ആ ഗ്രനേഡ് ആക്രമണത്തിന്റെ ഫലമായിട്ട് പരിക്ക് പറ്റിയ വിദ്യാർത്ഥികളെ-അതിൽ രണ്ട് പേർക്ക് നല്ല പരിക്ക് പറ്റി. ഏറ്റവും പ്രധാനം, നിരാഹാരം കിടക്കുന്ന കൃഷ്ണപ്രസാദിന് ഈ ഗ്രനേഡിന്റെ ഷെല്ലേറ്റ് മുറിവേറ്റു എന്നതാണ്. എ. ഐ. എസ്. എഫിന്റെ നേതാവ് സജീഷിന്റെ പിൻഭാഗത്ത്, ഗ്രനേഡ് പൊട്ടിത്തെറിച്ച് അതിനകത്തുള്ള, ഒരു ചീള് തറച്ചതിന്റെ ഫലമായിട്ട് അദ്ദേഹം ഗുരുതരാവസ്ഥയിലായി, ഇപ്പോഴും അപകടസ്ഥിതി തരണം ചെയ്തിട്ടില്ല. എസ്. എഫ്. ഐ.യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായ ജോഷി ജോസ് എന്ന ലാ കോളേജ് വിദ്യാർത്ഥിയുടെ കാലിന്റെ മുട്ടിലെ ചിരട്ട പൊട്ടി, ഇപ്പോൾ ആശുപത്രിയിൽ ഓപ്പറേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ആ കാൽ അടിച്ചു മുറിക്കുക എന്ന ഉദ്ദേശത്തിന്റെ ഭാഗമായിട്ടാണ് ആക്രമണം നടന്നത്. എസ്. എഫ്. ഐ.യുടെ സംസ്ഥാന വൈസ് പ്രസിഡന്റായ വിദ്യാർത്ഥിനി നേതാവ് സിന്ധു ജോയി, ആ പെൺകുട്ടിയുടെ കൈമുട്ട് മുറിഞ്ഞത് തുന്നിക്കെട്ടി വച്ചിരിക്കുകയാണ്. ഇത്രയധികം ആക്രമണം ഒരു വിദ്യാർത്ഥിനി നേതാവിനെതിരെ നടത്താൻ കാരണമെന്താണ്? കേരള യൂണിവേഴ്സിറ്റി യൂണിയന്റെ ജനറൽ സെക്രട്ടറിയായിരുന്ന ലതീഷ് ചന്ദ്രൻ ആശുപത്രിയിലാണ്. ജനതാദൾ നേതാവായ മംഗലാപുരം ഷാഫിക്ക് പതിനെട്ട് സ്റ്റിച്ചുണ്ട്. എ. ഐ. എസ്. എഫിന്റെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായ അരുൺകുമാർ ദേഹമാസകലം മർദ്ദനമേറ്റ് കിടക്കുന്നു. എസ്. എഫ്. ഐ.-യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിമാരായ കെ. എസ്. ബിമൽ,

പി. ബിജു തുടങ്ങി പതിനഞ്ച് വിദ്യാർത്ഥി-വിദ്യാർത്ഥിനി നേതാക്കന്മാർ ഇപ്പോൾ ആശുപത്രിയിലാണ്. നൂറോളം പേർക്ക് നല്ല അടി കിട്ടിയിട്ടുണ്ട്. അടി കിട്ടിയ പല വിദ്യാർത്ഥികളും ഇത് പുറത്തറിയാതിരിക്കുവാൻ നേരെ വീട്ടിലേയ്ക്കു പോകുകയാണ് ചെയ്തത്. അങ്ങനെ പരക്കെ അടിയായിരുന്നു. ഇന്നലെ തിരുവനന്തപുരം പട്ടണത്തിൽ വഴിയാത്രക്കാരെ തല്ലി. നടന്നു പോകുന്ന ആളുകൾക്കുനേരെ എന്തിനാണ് ഇന്നലെ പോലീസ് ഈ ക്രൂരകൃത്യം കാണിച്ചത്? അവർ എന്തു ചെയ്തു? നഗരത്തെ നടുക്കിയ ഒരു പോലീസ് ആക്രമണമാണ് ഇന്നലെ നടന്നത്, എട്ട് തവണ ഗ്രനേഡും ഒമ്പത് തവണ കണ്ണീർ വാതകവും പ്രയോഗിച്ചു. ഇതെല്ലാം കഴിഞ്ഞ് ആർട്ട്സ് കോളേജിനകത്ത് പോലീസ് കയറി. ഇവിടുത്തെ സംഭവത്തിനുവേണ്ടി എന്തിന് ആർട്ട്സ് കോളേജിൽ പോലീസ് കയറി? ഇന്നലെ ടെലിവിഷനിൽ ഈ രംഗം കാണിച്ചു. ആർട്ട്സ് കോളേജിൽ പെൺ കുട്ടികൾ പഠിക്കുന്ന ക്ലാസ് റൂമിൽ പോലീസ് ഓഫീസർമാർ പോയി പരിശോധിക്കുന്ന രംഗം കാണിച്ചു. എന്തിന് ആർട്ട്സ് കോളേജിൽ പോലീസുകാർ പോയി? ഗവൺമെന്റ് മോഡൽ ഹൈസ്കൂളിൽ ക്ലാസ് റൂമിന് അകത്തുകയറി വിദ്യാർത്ഥികളെ പിടിച്ചു ലോക്കപ്പിൽ കൊണ്ടുപോയിട്ടു? അവരോട് നിങ്ങളെ എന്തിന് പിടിച്ചു എന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞത്; ക്ലാസിലിരിക്കുമ്പോൾ ആണ് പിടിച്ചു കൊണ്ടുപോയത് എന്നാണ്. ഈ സമരത്തിന് നിങ്ങൾ വന്നിരുന്നോ എന്നു ചോദിച്ചപ്പോൾ പറഞ്ഞത്, ഞങ്ങൾ ആ സംഭവ സ്ഥലത്ത് പോയിട്ടില്ല എന്നാണ്, സമരത്തിൽ പങ്കെടുക്കാതെ അവിടെ ക്ലാസ് റൂമിൽ സ്പെഷ്യൽ ക്ലാസിൽ ഇരിക്കുവാൻ തയ്യാറായിരുന്ന വിദ്യാർത്ഥികളെയാണ് പിടിച്ചുകൊണ്ടുപോയി അടിച്ചത്. തമ്പാനൂർ പോലീസ് ലോക്കപ്പിൽ പോയി നോക്കിയപ്പോൾ കണ്ട രംഗം എന്താണ്? ഈ പിഞ്ചു വിദ്യാർത്ഥികളെ-ആർട്ട്സ് കോളേജിൽനിന്നു പിടിച്ച വിദ്യാർത്ഥികളും മോഡൽ സ്കൂളിൽനിന്നും പിടിച്ച വിദ്യാർത്ഥികളും അടക്കം ഇരുപതോളം പേരെ ഒരു ഭ്രാന്തന്റെ കൂടെ ലോക്കപ്പിനകത്തിട്ടിരിക്കുന്നതാണ്. കള്ള് കുടിച്ച ആ ഭ്രാന്തൻ തെറിവിളിക്കുന്നു; വിദ്യാർത്ഥികളെ ആക്രമിക്കുന്നു. പോലീസ് അതു നോക്കി രസിക്കുന്നു. ഇത് ഒരു പരിഷ്കൃത സമൂഹത്തിന് യോജിച്ചതാണോ? പോലീസ് ലോക്കപ്പിൽ വിദ്യാർത്ഥികളേയും ഭ്രാന്തനേയും കൂടെ ഇട്ടിട്ട് ഭ്രാന്തനെക്കൊണ്ട് വിദ്യാർത്ഥികളെ തെറി പറയിപ്പിക്കുന്ന ചീത്ത വിളിപ്പിക്കുന്ന സാഹചര്യം ഉണ്ടാക്കിയത് എന്തിനാണ്? ഇത് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ചെയ്തതാണ്. എസ്. എഫ്. ഐ.-യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായ ബിമലിനെ കന്റോൺമെന്റ് പോലീസ് ലോക്കപ്പിലിട്ട് മൃഗീയമായി തല്ലി. ഇന്നലത്തെ സംഭവത്തിനു മുഴുവൻ തിരുവനന്തപുരത്ത് നേതൃത്വം കൊടുത്തത് കന്റോൺമെന്റ് സി. ഐ. ഒരു സേവ്യറാണ്. ആ സേവ്യറുടെ നേതൃത്വത്തിൽ ലോക്കപ്പിലിട്ട ബിമലിനെ മൃഗീയമായി രണ്ടു മണിക്കൂർ തല്ലി. ബിമലിനെ തല്ലിയ ശബ്ദം കേട്ട് ശ്രീ. തോമസ് ഐസക്കും, ശ്രീ. മത്തായി ചാക്കോയും അവിടെ ചെന്നു. ആശുപത്രിയിൽ എത്തിക്കണമെന്നു പറഞ്ഞു. ആശുപത്രിയിൽ കൊണ്ടു പോകാൻ കൂട്ടാക്കിയില്ല. അവസാനം വിവരമറിഞ്ഞ് ഞങ്ങൾ കുറേ ആളുകൾ ചെന്നു. എം. എൽ. എ.-മാർ ചെന്നു. കന്റോൺമെന്റ് ഓഫീസറോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: അയാളെ പേരെഴുതി എടുക്കുവാൻ വേണ്ടി കൊണ്ടുവന്നതാണ്. അയാളെ എന്തു കൊണ്ടാണ് ആശുപത്രിയിൽ കൊണ്ടു പോകാത്തത് എന്നു ചോദിച്ചപ്പോൾ പറഞ്ഞു, ഞങ്ങൾക്ക് വാഹനമില്ല. അതുകൊണ്ടാണ് കൊണ്ടു പോകാത്തത് എന്ന്. പോലീസിനെ സഹായിക്കുവാൻവേണ്ടി ഞങ്ങൾ അയാളെ എടുത്ത് ആശുപത്രിയിൽ എത്തിച്ചത് കുറ്റമായോ? .....(ബഹളം).....(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ആ വിദ്യാർത്ഥിയെ, തല്ലുകൊണ്ട എസ്. എഫ്. ഐ. യുടെ നേതാവിനെ ആശുപത്രിയിൽ കൊണ്ടുപോയത് കുറ്റമായോ? ഇത് ഇപ്പോൾ പുതിയ കഥ ഈ സംഭവത്തിനു വേണ്ടി സൃഷ്ടിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ഒന്നു പറയട്ടെ, അടി കിട്ടിയ എസ്. എഫ്. ഐ.-യുടെ സംസ്ഥാന നേതാവായിട്ടുള്ള ബിമൽ, റിസർച്ച് വിദ്യാർത്ഥി ആയിട്ടുള്ള ബിമൽ, അദ്ദേഹം, അദ്ദേഹത്തിന്റെ അച്ഛന്റെ പേരും സ്ഥലപ്പേരുമൊക്കെ ആന്റണി ഇവിടെ പറയുന്നത് എന്തിനാണ് എന്നെനിക്കറിയാം. വടകരയിൽനിന്ന് വന്നുവെന്ന് സ്ഥാപിക്കുവാൻ എസ്. എഫ്. ഐ.-യുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറിയായിട്ടുള്ള ബിമൽ, റിസർച്ച് വിദ്യാർത്ഥി ആയിട്ടുള്ള ബിമൽ, അയാൾ ഈ സമരത്തിന്റെ സ്ഥലത്ത് വന്നപ്പോൾ ആണ് പിടിച്ചുകൊണ്ടുപോയി ലോക്കപ്പിൽ ഇട്ട് അടിച്ചത്. പേരെഴുതി എടുക്കുവാൻ കൊണ്ടുപോയ ആളെ അടിച്ച് ലോക്കപ്പിലിട്ടപ്പോൾ, അവിടെ ഞങ്ങൾ പോയപ്പോൾ ഒരു പുതിയ കഥ കൊടുത്തിരിക്കുന്നു. അദ്ദേഹം ഒരിക്കൽ പഞ്ഞു, ഇ. പി. ജയരാജൻ. ഇ. പി. ജയരാജൻ ഇന്നലെ തൃശ്ശൂരിലാണ്. പി. ജയരാജൻ എന്നു പറഞ്ഞു. പി. ജയരാജൻ ഇന്നലെ സഭയിൽ അങ്ങ് കണ്ടിട്ടുണ്ടാകും. അപ്പോൾ പോലീസ് എഴുതിക്കൊടുക്കുന്ന റിപ്പോർട്ട് അതേപടി ഇവിടെ വായിക്കുന്ന മുഖ്യമന്ത്രി സ്വയം പരിഹാസ്യനാകരുത് എന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത്. രണ്ടര മണിക്കൂർ നീണ്ടുനിന്ന പോലീസിന്റെ തേർവാഴ്ച ഇന്നലെ നഗരത്തെ നടുക്കി. ഇന്നലെ അവിടെ നടന്ന സംഭവം ഒരു ഗൂഢാലോചനയുടെ ഫലമായിട്ട് നടന്നതാണ്. അവിടെ ഇങ്ങനെ ഒരു സംഭവം നടക്കാൻ പോകുന്നു എന്നുള്ള അന്തരീക്ഷം മുൻകൂട്ടി പോലീസ് ഉണ്ടാക്കി. ഒരു മണിക്കൂർ മുമ്പ് തന്നെ അതുവഴി വരേണ്ട വാഹനങ്ങൾ മുഴുവൻ പോലീസ് തിരിച്ചുവിട്ടു. ഇവിടെ നഗരത്തിൽക്കൂടി ആളുകൾക്ക് സഞ്ചരിക്കുവാൻ പറ്റാത്ത വിധത്തിലുള്ള സാഹചര്യം ഗവൺമെന്റ് സൃഷ്ടിച്ചുകൊണ്ട് ഇത്തരത്തിൽ ശ്രമം നടത്തി. ഈ ആക്രമണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥന്മാരെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ച മുഴുവൻ നേതാക്കന്മാരേയും പോലീസ് അടിച്ചു. എ. ജീസ് ഓഫീസിന്റെ മുമ്പിലാണ് സംഭവമെന്ന് മുഖ്യമന്ത്രി പറയുന്നു. പോലീസ് എന്തിന് സത്യാഗ്രഹ പന്തലിൽ പോയി? നിരാഹാര സത്യാഗ്രഹം കിടക്കാൻ ഇവിടെ അവകാശമില്ലേ? ഗാന്ധിയൻ മോഡലിൽ പത്തു ദിവസമായി നിരാഹാരം കിടക്കുന്ന വിദ്യാർത്ഥി നേതാക്കന്മാർ കിടക്കുന്ന സത്യാഗ്രഹ പന്തലിൽ പോയിട്ട് പോലീസ് എന്തിന് ആക്രമിച്ചു? എന്തിന് ഗ്രനേഡ് അതിന്റെ മുകളിൽ എറിഞ്ഞു? സത്യാഗ്രഹം കിടക്കുന്ന വിദ്യാർത്ഥി നേതാക്കന്മാരെ കൊലപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഗ്രനേഡ് അവിടെ പ്രയോഗിച്ചത്. ബഹുമാനപ്പെട്ട മന്ത്രി എം. എം. ഹസ്സനെ വിദ്യാർത്ഥിനികൾ വിമൻസ് കോളേജിൽ കരിങ്കൊടി കാണിച്ചു. അതിനുശേഷം ശ്രീ. എം. എം. ഹസ്സന്റെ നേതൃത്വത്തിൽ പ്ലാൻ ചെയ്ത ഒരു ആക്രമണമാണിത്. അതുകൊണ്ടാണ് വിദ്യാർത്ഥി നേതാവ് ആയി സിന്ധു ജോയിയെ തെരഞ്ഞ് പിടിച്ച് കൈ പൊട്ടിച്ചത്. വിരോധം തീർക്കുവാൻ വേണ്ടി കൊടുത്ത നിർദ്ദേശപ്രകാരമാണ്. ഓരോ ദിവസം കഴിയുന്തോറും ഈ സമരത്തിന് ജനപിന്തുണ വർദ്ധിച്ചുവരികയാണ്. ഈ സമരം സമാധാനപരമായി നടത്തിക്കൊണ്ടുവന്നപ്പോൾ ജനങ്ങൾവരെ ഈ സമരത്തിനെ അനുകൂലിക്കുകയാണ്. സമരത്തിൽ ഉപയോഗിച്ച മുദ്രാവാക്യം ന്യായമാണെന്ന് ജനങ്ങൾക്ക് തോന്നാൻ തുടങ്ങി. ഓരോ ദിവസം കഴിയുന്തോറും സമരത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ജനപിന്തുണ കൂടാൻ തുടങ്ങി. ഒരു വിധത്തിലുള്ള അക്രമവും കാണിക്കാതെ വിദ്യാർത്ഥികൾ ഇങ്ങനെ ഒരു സമര പരിപാടിയുമായി രംഗത്തുവന്നപ്പോൾ ജനങ്ങളുടെ പിന്തുണയും അവർക്ക് ലഭിക്കുവാൻ തുടങ്ങി. അങ്ങനെ വന്നപ്പോൾ ഈ സമരം അക്രമസമരമാണെന്നു വരുത്തി സമരത്തെ അടിച്ചമർത്തുവാൻ വേണ്ടി പോലീസ് നടത്തിയ കല്ലേറാണ് ഇന്നലെ ഈ അനിഷ്ട സംഭവങ്ങൾക്കു മുഴുവൻ ഇടയാക്കിയത്. അതൊക്കെ ടെലിവിഷനിൽ കാണിച്ചിട്ടുണ്ട്. സർക്കാർ വിഷൻ ആയിട്ടുള്ള മുനീർ വിഷൻ ഒഴികെയുള്ള എല്ലാ വിഷൻകാരും ഇന്നലെ അത് കാണിച്ചു. അവിടെ നടന്ന രണ്ടു സംഭവവും കാണിച്ചു. ഏകപക്ഷീയമായി കാണിച്ച ചാനലും ഉണ്ട്. ഇത് പരിശോധിച്ചുകൊണ്ട് അങ്ങ് തീരുമാനിക്കണം. ആരാണ് ഇന്നലെ പ്രകോപനം ഉണ്ടാക്കിയത്? ആരാണ് ഇത് സംബന്ധിച്ച കുഴപ്പം ഉണ്ടാക്കിയത്? ഇവിടെ കഴിഞ്ഞ ഒരുവർഷം മുമ്പ് ഈ ഗവൺമെന്റ് വിദ്യാർത്ഥി സംഘടനകൾക്ക് എഴുതിക്കൊടുത്ത കരാർ നടപ്പിലാക്കാത്തതാണ് ഇപ്പോഴത്തെ പ്രശ്നം. ഇവിടെ സ്വയാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റ് 50 ശതമാനം: പേമന്റ് സീറ്റ് 50 ശതമാനം; മെറിറ്റ് സീറ്റിലേക്കുള്ള വിദ്യാർത്ഥികളുടെ ഫീസ് ഗവൺമെന്റ് കോളേജിലെ ഫീസിന് തുല്യമായിരിക്കുമെന്ന് ഈ നിയമസഭയിൽ മുഖ്യമന്ത്രി നൽകിയ ഉറപ്പ്, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. സൂപ്പി ഒരു വർഷം മുമ്പ് വിദ്യാർത്ഥി സംഘടനാ നേതാക്കന്മാർക്ക് എഴുതി കൊടുത്ത ഉറപ്പ് പാലിക്കണമെന്നാണ് വിദ്യാർത്ഥികൾ ആവശ്യപ്പെടുന്നത്. ഞാൻ അതുകൊണ്ട് മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പുഷ്പഗിരി കോളേജ് മാനേജ്മെന്റ് ഒഴികെ ബാക്കി എല്ലാ മാനേജ്മെന്റും സർക്കാർ കൊടുക്കുന്ന ഏത് നിബന്ധനയും അംഗീകരിക്കാമെന്ന് സമ്മതിച്ചുവെന്ന് ഗവൺമെന്റ് വക്താക്കൾ പറയുന്നു. പുഷ്പഗിരി കോളേജ് മാനേജ്മെന്റിന്റെ സമ്മർദ്ദത്തിനുവഴങ്ങി എന്തിനാണ് ഇതു സംബന്ധിച്ച നിയമ നിർമ്മാണം നീട്ടിക്കൊണ്ടു പോകുന്നത്? സർക്കാർ കോളേജിലെ ഫീസിന് തുല്യമായിട്ടുള്ള ഫീസ് 50 ശതമാനം മെരിറ്റ് സീറ്റിൽ ഏർപ്പെടുത്തിയപ്പോൾ വിദ്യാർത്ഥികളോട് ഗവൺമെന്റ് നടപ്പിലാക്കും എന്ന് പറഞ്ഞ കാര്യം നടപ്പിലാക്കാത്തതിനാലാണ് ഈ പ്രശ്നം ഉണ്ടായിട്ടുള്ളത്. ഇതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ഗവൺമെന്റിനാണ്. 100 ശതമാനം എന്നുള്ളത് 500 ശതമാനംവരെ വർദ്ധിപ്പിച്ച ഫീസ് കുറയ്ക്കാം എന്ന് മന്ത്രി എഴുതിക്കൊടുത്തു. ഒരു വർഷം മുമ്പുണ്ടാക്കിയ കരാർ നടപ്പാക്കാത്തതാണ് ഇപ്പോൾ പ്രശ്നം. അതുകൊണ്ട് ഇതിനകത്ത് ഉന്നയിച്ചിരിക്കുന്ന ഈ പ്രശ്നം കൂടിയാലോചിച്ച് പരിഹരിക്കുവാൻ ശ്രമിക്കുന്നതിനു പകരം മർദ്ദനം കൊണ്ടു ഈ സമരം നേരിടാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കരുതുന്നുണ്ടെങ്കിൽ അത് ശരിയല്ല. വിദ്യാർത്ഥികളുടെ ഇടയിൽനിന്ന് കടന്നുവന്നിട്ടുള്ള, ബോട്ടിന് ഒരണ ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ വിദ്യാർത്ഥി സമരം നടത്തി കെ. എസ്. യു. നേതാവായി കടന്നുവന്ന മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി ഭരിക്കുന്ന കാലത്ത്, മെഡിക്കൽ കോളേജിൽ ഫീസ് നാലായിരം രൂപ ഉണ്ടായിരുന്നത് 1,76,000 രൂപയും എഞ്ചിനീയറിംഗ് കോളേജിൽ മൂവായിരം രൂപ ഫീസ് ഉണ്ടായിരുന്നത് 36,000 രൂപയുമാക്കിയതിനെതിരായി സമരം ചെയ്യുന്ന വിദ്യാർത്ഥികളെ അടിച്ചൊതുക്കിക്കൊണ്ട് ഇതിനെ നേരിടാനാണോ ഉദ്ദേശിക്കുന്നത്? സ്വാശ്രയ/സ്വകാര്യ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കുന്നതിന് ഞങ്ങൾ എതിരല്ല. ഇവിടെ ഗവൺമെന്റ് നൽകിയ വാഗ്ദാനമൊന്നും നടപ്പാക്കാൻ പോകുന്നില്ല. 50% വിദ്യാർത്ഥികൾക്ക് മെറിറ്റ് സീറ്റ് എന്നും അവരുടെ ഫീസ് ഗവൺമെൻറ് കോളേജിലെ ഫീസ് ആയിരിക്കും എന്നും പറഞ്ഞപ്പോൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിൽ എല്ലാവരും അംഗീകരിച്ചതാണ്. അതിന്റെ ലംഘനം നടന്നതാണ് ഈ സമരത്തിന്റെ അടിസ്ഥാനം. ഈ ഫീസ് കൊടുക്കാൻ സംസ്ഥാനത്തെ രണ്ടു ശതമാനം ജനങ്ങൾക്കുപോലും സാധിക്കില്ല. കേരളത്തിലെ 98% വരുന്ന രക്ഷിതാക്കളുടെ പിന്തുണ ഈ സമരത്തിനുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീട്ടിലുള്ള പഠിക്കുന്ന കുട്ടികളുടെ പിന്തുണ ഈ സമരത്തിനുണ്ട്. അവർ നിശബ്ദരായി ഈ സമരത്തിന്റെ കൂടെയാണ്. സമരം ചെയ്യാൻ അവരൊന്നും രംഗത്ത് വരില്ല എന്നേയുള്ളൂ. ഇങ്ങനെ ഉണ്ടാകുന്ന ജനകീയപ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നതിനുപകരം പോലീസിനെ ഉപയോഗിച്ചു കൊണ്ട് നേരിടാൻ കഴിയുമെന്ന് കരുതുന്നുണ്ടോ? നാൽപ്പതിനായിരം പോലീസിനെ ഉപയോഗിച്ചുകൊണ്ട് ഈ സമരത്തെ നേരിടാൻ കഴിയുമോ? അവരുടെ കൈയിലുള്ള ഗ്രനേഡ് പോലുള്ള ആയുധങ്ങൾ ഉപയോഗിച്ച് എത്രകാലം കേരളം ഭരിക്കും? ഇവിടെ വെടിവച്ചിട്ട് വിദ്യാർത്ഥികൾ തോറ്റിറ്റുണ്ടോ? കൂത്തുപറമ്പിൽ 5 പേരെ വെടിവച്ച് കൊന്നിട്ട് വിദ്യാർത്ഥിസമരം തകർക്കാൻ സാധിച്ചോ? 1995-ൽ നടന്ന സംഭവമാണ്. മുഖ്യമന്ത്രി എ. കെ. ആന്റണി തീക്കൊള്ളി കൊണ്ട് തല ചൊറിഞ്ഞു തുടങ്ങിയിരിക്കുകയാണ്. അപകടകരമായ അവസ്ഥയിലേക്കാണ് അങ്ങ് കേരളത്തെ നയിക്കാൻ പോകുന്നത്. ഇന്ന് തിരുവനന്തപുരം ജില്ലയിൽ ഹർത്താലാണ്, കേരളത്തിലെ മറ്റുള്ള താലൂക്ക് ഓഫീസിലേക്കും കളക്ടറേറ്റിലേക്കും സംയുക്ത യുവജന സംഘടനാ മാർച്ച് നടക്കുകയാണ്. പ്രശ്നം ഒത്തുതീർപ്പാക്കുന്നില്ലെങ്കിൽ പന്ത്രണ്ടാം തീയതി സി. പി.ഐ.(എം) കേരളത്തിലെ എല്ലാ കളക്ടറേറ്റുകളും താലൂക്കാഫീസുകളും സ്തംഭിപ്പിക്കുന്ന ഒരു സമരം പ്രഖ്യാപിച്ചിരിക്കുകയാണ്. സമരം നീണ്ടുപോകുകയാണെങ്കിൽ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് പടിക്കൽ ആയിരക്കണക്കിന് വിദ്യാർത്ഥികൾ അനിശ്ചിതകാല കുത്തിയിരുപ്പു സമരം നടത്തുമെന്നു പ്രഖ്യാപിച്ചു കഴിഞ്ഞിരിക്കുകയാണ്. ഈ കേരളം ആളിക്കത്തുന്ന ഒരു സമരത്തിനു ദൃക്സാക്ഷിയാകേണ്ടിവരുമെന്ന് മനസ്സിലാക്കിയപ്പോഴാണ് ഈ പ്രഖ്യാപനങ്ങളെല്ലാം പുറത്തുവന്നു കഴിഞ്ഞപ്പോൾ, ഇനി അതിനെ അടിച്ചമർത്തും എന്നു തീരുമാനിച്ചുകൊണ്ട് നടത്തിയതാണ് ഈ ആക്രമണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് നിർദ്ദേശം കൊടുത്തുകൊണ്ടാണ് ഈ ആക്രമണം നടത്തിയത്. ഈ സംഭവത്തിനൊക്കെയും നേതൃത്വം കൊടുത്തത് കന്റോൺമെന്റ് സി. ഐ. ആണ്. അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കണം. ലോക്കപ്പിൽ കൊണ്ടു പോയി അടിക്കാൻ ആരാണ് അദ്ദേഹത്തിന് അവകാശം കൊടുത്തത്? ഇത് കേരളമല്ലേ? ഈ കേരളത്തിലെ വിദ്യാർത്ഥികളുടെ സമരത്തെ ചോരയിൽ മുക്കിക്കൊല്ലാനാണ് മി. എ. കെ. ആന്റണി ഉദ്ദേശിക്കുന്നതെങ്കിൽ കേരളത്തിലെ ജനങ്ങൾ ഇതിനെതിരെ സടകുടഞ്ഞ് എഴുന്നേൽക്കുക തന്നെ ചെയ്യും. ഈ സമരത്തിന്റെ പിന്നിൽ കേരളം ഒറ്റക്കെട്ടായിനിൽക്കും. തിരുവനന്തപുരം ജില്ലയിൽ നടക്കുന്ന ഹർത്താൽ ഈ ഗവൺമെന്റിനു നൽകുന്ന ഒരു മുന്നറിയിപ്പാണ്. അതുകൊണ്ട് സമരം നീട്ടിക്കൊണ്ടു പോയി സമരത്തിനു ജനപിന്തുണയില്ല എന്ന് സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെങ്കിൽ ഈ പ്രശ്നം അങ്ങനെയൊന്നും അവസാനിക്കാൻ പോകുന്നില്ല. ഇതിന് ജനങ്ങളുടെ പിൻതുണയുണ്ട്. അതുകൊണ്ട് ഗവൺമെന്റ് അടിയന്തിരമായി വിദ്യാർത്ഥി സംഘടനകളുമായി ചർച്ചചെയ്ത് പ്രശ്നം പരിഹരിക്കാൻ ഇവിടെ നൽകിയ വാഗ്ദാനം നടപ്പാക്കിയാൽ മാത്രം മതി. പുതിയ ഒരു കാര്യവും വിദ്യാർത്ഥികൾക്ക് കൊടുക്കേണ്ട. മുഖ്യമന്ത്രി പറഞ്ഞ കാര്യം ചെയ്താൽ മതി. 50% മെറിറ്റ് സീറ്റും അവർക്ക് ഗവൺമെന്റ് കോളേജിലെ ഫീസും ഏർപ്പെടുത്തുമെന്നു പഞ്ഞ മുഖ്യമന്ത്രി, അത് നടപ്പാക്കാൻ ഇന്നു തയ്യാറായാൽ

LIBRARY ARCHIVES Kerala Legislative Assembly

സമരം അവസാനിപ്പിക്കുമെന്ന് വിദ്യാർത്ഥി സംഘടനകൾ തന്നെ പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാതെ നീട്ടിക്കൊണ്ടു പോകുകയും നാൽപ്പതിനായിരം പോലീസിനെ ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥി സമരത്തെ അടിച്ചമർത്തുകയും ചെയ്യുന്നതിനെ ശക്തമായി എതിർക്കും വിദ്യാർത്ഥി നേതാക്കന്മാരെ തല്ലിക്കൊല്ലും, അവരുടെ കാല് ഒടിച്ച് മുട്ട് മുറിക്കും, വിദ്യാർത്ഥികളെ കൊല്ലും എന്ന തരത്തിലാണ് മുന്നോട്ടു പോകാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഇതിനെതിരായി സർവ്വ ശക്തിയും ഉപയോഗിച്ച് കൊണ്ട് പ്രതിഷേധിച്ച് രംഗത്ത് വരും. അതുകൊണ്ട് ഈ മുന്നറിയിപ്പ് മനസ്സിലാക്കി മുഖ്യമന്ത്രി ഇന്നുതന്നെ ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്ത് ഇവിടെത്തന്നെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നവിധം ഒരു അന്തരീക്ഷം സൃഷ്ടിക്കണം. അതിനുവേണ്ടി ഈ സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന് ബഹുമാനിക്കപ്പെട്ട ചെയറിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപ നേതാവിന്റെ പ്രസംഗം കേട്ടു കഴിഞ്ഞപ്പോഴും എന്തിനുവേണ്ടിയായിരുന്നു ഈ സമരം തുടങ്ങിയതെന്നും ഇന്നും എന്തിനുവേണ്ടിയാണ് ഈ സമരം തുടരുന്നതെന്നും മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട കോടിയേരി അവസാനം പറഞ്ഞ പ്രശ്നങ്ങളോട് ആദ്യം മുതൽക്കേ ഗവൺമെന്റ് അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഈ സഭയിൽ എത്രയോ തവണ എന്റെ സഹപ്രവർത്തകർ ശ്രീ. പി. ശങ്കരൻ, ശ്രീ. നാലകത്തു സൂപ്പി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എം. എം. ഹസ്സൻ തുടങ്ങിയവരും പലതവണ ഞാൻ തന്നെ നേരിട്ടും ഗവൺമെന്റിന്റെ നിലപാട് ആവർത്തിച്ച് അറിയിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കോടിയേരി അവസാനം പറഞ്ഞ പ്രശ്നങ്ങളോടൊന്നും ഗവൺമെന്റിന് വ്യത്യസ്ത നിലപാടില്ല. കേരളത്തിൽ സ്വാശ്രയ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനോട് ഇടതുപക്ഷ മുന്നണിക്ക് വൈകി അഭിപ്രായ വ്യത്യാസം വന്നു എങ്കിലും തുടക്കത്തിൽ നിങ്ങളും ഇതിനെ അനുകൂലിച്ച വരാണ്. ഞങ്ങൾ ആദ്യം മുതലേ കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ഗവൺമെന്റ് മേഖലയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ സ്വകാര്യ മേഖലയിൽ സ്വാശ്രയ സ്ഥാപനങ്ങൾ ആവശ്യാനുസരണം ഉണ്ടാകണമെന്ന നിലപാടാണ് സ്വീകരിച്ചത്. കാരണം വർഷംതോറും വിദ്യാഭ്യാസത്തിന്റെ ചിലവ് കുത്തനെ കയറിക്കൊണ്ടിരിക്കുകയാണ്. ഈ കഴിഞ്ഞ വർഷം തന്നെ ബഡ്ജറ്റിൽ നീക്കിവച്ചതിനേക്കാൾ 500 കോടിയിൽ കൂടുതൽ രൂപ വിദ്യാഭ്യാസ മേഖലയ്ക്കുവേണ്ടി ചെലവഴിക്കേണ്ടിവന്നു. വിദ്യാഭ്യാസത്തിന്റെ ചെലവ് വർദ്ധിക്കുന്നു. ഈ വർദ്ധനവ് മുഴുവൻ താങ്ങാൻ ഗവൺമെന്റിന് നിവൃത്തിയില്ല. അതുകൊണ്ടാണ് നിലവിലുള്ള സർക്കാർ സ്ഥാപനങ്ങൾ സ്കൂൾ ആയാലും, കോളേജ് ആയാലും പ്രൊഫഷണൽ സ്ഥാപങ്ങൾ ആയാലും നിലനിർത്തുകയും ഈ സ്ഥാപനങ്ങൾക്ക് കാലോചിതമായ നവീകരണം ഏർപ്പെടുത്തുകയും ചെയ്യുന്നത്. അതോടൊപ്പം ചുറ്റുപാടും വരുന്ന മാറ്റങ്ങൾക്കനുസരിച്ച് കേരളവും മാറണം. അയൽ സംസ്ഥാനങ്ങളിലെ തുറന്ന സമീപനം കാരണം തമിഴ്നാട്ടിലും, കർണ്ണാടകത്തിലും, ആന്ധ്രയിലും, മറ്റു സംസ്ഥാനങ്ങളിലും നൂറ് കണക്കിന് പ്രൊഫഷണൽ സ്ഥാപനങ്ങൾ വരുന്നു. ഇന്ത്യ ഒട്ടുക്ക് നയം മാറി. കേന്ദ്രഗവൺമെന്റ് വളരെ ലിബറലായി പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് അനുവാദം കൊടുക്കുവാൻ തുടങ്ങി. ഈ സൗകര്യം ഉപയോഗിച്ചുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽ കോളേജുകൾ ധാരാളം

LIBRARY ARCHIVES Kerala Legislative Assembly

വരാൻ തുടങ്ങി. മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജ്, ആയുർവേദ കോളേജ്, നഴ്സിങ്ങ് കോളേജ്, എം. സി. എ. സ്ഥാപനങ്ങൾ ഇവയെല്ലാം അയൽ സംസ്ഥാനങ്ങളിൽ ധാരാളമായി ഉണ്ടായപ്പോൾ ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന കേരളത്തിലെ കുട്ടികൾ ആ സംസ്ഥാനങ്ങളിലേക്ക് ചേക്കേറേണ്ടിവന്നു. 75% വരെ ഫീസ് കൊടുക്കേണ്ട സാഹചര്യം തമിഴ്നാട്ടിൽ പല കോളേജുകളിലുമുണ്ട്. അയൽ സംസ്ഥാനങ്ങൾ ധാരാളമായി കോഴ വാങ്ങുന്ന സമ്പ്രാദായം വന്നു. എഞ്ചിനീയറിംഗ് സീറ്റിന് ഏറ്റവും കുറഞ്ഞത് 5 ലക്ഷം രൂപവരെ കോഴ വാങ്ങിക്കുന്ന സംവിധാനം പല സംസ്ഥാനങ്ങളിലും വന്നു. കുട്ടികൾക്ക് അവിടെ പോയി പഠിക്കാൻ പ്രയാസം വന്നപ്പോൾ ഗവൺമെന്റ് തീരുമാനിച്ചു, ഗവൺമെന്റ് മേഖലയിലെ സ്ഥാപനങ്ങൾ നിലനിർത്തിക്കൊണ്ടു തന്നെ കേരളത്തിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കുമെല്ലാം സ്വീകാര്യമായ മാർഗ്ഗം, പശ്ചിമ ബംഗാളിൽ പോലും സ്വീകരിച്ചിരിക്കുന്ന നയ സമീപനം കേരളത്തിലും സ്വീകരിക്കാം എന്ന്. വിദ്യാഭ്യാസത്തിന്റെ അടച്ചിട്ട വാതായനങ്ങൾ തുറന്ന് സ്വാശ്രയമേഖലയിൽ കോളേജുകൾ ആരംഭിക്കാമെന്നു തീരുമാനിച്ചു. ഈ മേഖലയിൽ കോളേജ് തുടങ്ങാൻ തയ്യാറാകുന്നവരെ സഹായിക്കാമെന്ന് ഗവൺമെന്റ് പറഞ്ഞു. എൻ. ഒ. സി. കൊടുക്കുക എന്നുള്ള ജോലി മാത്രമേ നമുക്കുള്ളൂ. അനുവാദം കൊടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. നിഷ്ക്കർഷമായ പരിശോധനയ്ക്കു ശേഷം ഓരോ സ്ഥാപനത്തിനും അനുവാദം കൊടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതുപോലെ മറ്റ് ഒരുപാട് കൗൺസിലുകളും ഉണ്ട്. ഗവൺമെന്റിന്റെ നിലപാട് 50% മെറിറ്റ് സീറ്റ് 50% മാനേജ്മെന്റ് സീറ്റ്. മെറിറ്റ് സീറ്റിലായാലും മാനേജ്മെന്റ് സീറ്റിലായാലും ഫീസ് നിശ്ചയിക്കുന്നത്.....(ബഹളം).....(ബഹളം)..... ഞാൻ പറയട്ടെ. ഞാൻ പറഞ്ഞുകഴിഞ്ഞാൽ നിങ്ങൾ എത്ര പേർക്കാണ് സംസാരിക്കാനുള്ള അവസരം കിട്ടുന്നത്! ഫീസ് നിശ്ചയിക്കുന്നതിനുള്ള അവകാശം ഗവൺമെന്റിനാണ്. അതായിരുന്നു ഗവൺമെൻറ് നിലപാട്. ഈ നിലപാടിന്റെ പേരിൽ ഇവിടെ സ്ഥാപനങ്ങൾ ധാരാളം വന്നു. കേരളത്തിൽ മെഡിക്കൽ കോളേജുകൾ സ്വകാര്യ മേഖലയിൽ വന്നു. എഞ്ചിനീയറിംഗ് കോളേജുകൾ സ്വകാര്യ മേഖലയിൽ വന്നു. ആയുർവേദ കോളേജുകൾ സ്വകാര്യ മേഖലയിൽ വന്നു. സിദ്ധ കോളേജുകൾ സ്വകാര്യമേഖലയിൽ വന്നു. ദന്തൽ കോളേജുകൾ സ്വകാര്യ മേഖലയിൽ വന്നു. നഴ്സിംഗ് കോളേജുകൾ സ്വകാര്യ മേഖലയിൽ വന്നു. എം. സി. എ.-ക്കും, എം. ബി. എ.-ക്കും സ്വകാര്യ മേഖലയിൽ ധാരാളം സ്ഥാപനങ്ങൾ വന്നു. അയൽ സംസ്ഥാനങ്ങളിൽ ചേക്കേറാതെ നമ്മുടെ കുട്ടികൾക്ക് ഇവിടെ പഠിക്കാൻ സാഹചര്യം ഉണ്ടായി. കഴിഞ്ഞ വർഷംവരെ ലക്ഷക്കണക്കിനു കോഴ വാങ്ങിയിരുന്ന തമിഴ്നാട്ടിലെ 30 എഞ്ചിനീയറിംഗ് കേളേജുകളിൽ വിദ്യാർത്ഥികൾ ഇല്ലാതെ പൂട്ടൽ ഭീഷണി നേരിടുകയാണ്. കേരളത്തിൽവന്ന ഈ മാറ്റം അയൽ സംസ്ഥാനങ്ങളിലെ സെൽഫ് ഫിനാൻസിംഗ് കോളേജുകളെ അപകടപ്പെടുത്തിയിരിക്കുകയാണ്. അവയുടെ നിലനിൽപ്പ് അപകടത്തിലായിരിക്കുകയാണ്. ഗവൺമെന്റ് എടുത്ത സമീപനത്തിന്റെ ഫലമായി പുറത്തു പോകാതെ ഇവിടെ ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാവർക്കും ഇവിടെത്തന്നെ പഠിക്കാവുന്ന സാഹചര്യം ഉണ്ടായി. ഇന്നലവരെ പ്രൊഫഷണൽ രംഗത്ത് സ്വകാര്യ മേഖലയ്ക്കു കടന്നുവരാൻ തടസ്സം ഉണ്ടായിരുന്ന കേരളത്തിൽ, അയൽ സംസ്ഥാനങ്ങളിലെപ്പോലെ ഇവിടേയും നയ സമീപനത്തിന് മാറ്റം വന്നത് കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ഈ ഉദാരമായ, ധീരമായ നിലപാടുകൊണ്ട് മാത്രമാണ്. കേരളത്തിൽ എഞ്ചിനീയറിംഗ് കോളേജുകളും നഴ്സിംഗ് കോളേജുകളും, ആയുർവ്വേദ കോളേജുകളും സിദ്ധ കോളേജുകളുമെല്ലാം വന്നു എന്നുള്ള യാഥാർത്ഥ്യം ഞാൻ അംഗീകരിക്കുന്നുണ്ട്. പക്ഷേ മാനേജ്മെന്റിന്റെ കൂട്ടത്തിൽ ഒന്നോ രണ്ടോ മാനേജ്മെന്റുകൾ അവസരം വന്നപ്പോൾ അവരുടെ നിലപാട് മാറ്റി.അവർ ഗവൺമെന്റിനെതിരായി കോടതിയിൽ പോയി. ഹൈക്കോടതിയിൽ അവരുടെ കേസ് അവർക്കനുകൂലമായി വിധിച്ചു. നമ്മൾ സുപ്രീം കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. കർണ്ണാടക ഗവൺമെന്റ് അവിടെ ഒരു നിലപാട് സ്വീകരിച്ചു. കർണ്ണാടകഹൈക്കോടതിയിൽ നിന്ന് ഗവൺമെന്റിനനുകൂലമായ വിധിയുണ്ടായി. അതിനെതിരായി മാനേജ്മെന്റ് അപ്പീൽ പോയിരിക്കുന്നു. ഈ രണ്ട് കേസുകളും ഒരുമിച്ചാണ് സുപ്രീം കോടതി കേട്ടിരിക്കുന്നത്. ഇന്നുണ്ടായ പ്രതിസന്ധി ഗവൺമെന്റ് ഉണ്ടാക്കിയതല്ല. നല്ല ഉദ്ദേശ്യത്തോടുകൂടി കേരളത്തിലെ വിദ്യാർത്ഥികളുടെ ഭാവിയെ കരുതി കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവിയെ കരുതി നമ്മൾ തുറന്നു കൊടുത്ത ധാരാളം സ്ഥാപനങ്ങളുണ്ടായി. പക്ഷേ സീറ്റിന്റെ കാര്യത്തിലും, ഫീസിന്റെ കാര്യത്തിലും ഗവൺമെന്റ് നിലപാടിനോട് ഒന്നോ, രണ്ടോ കോളേജുകൾ യോജിക്കാതെ വന്നപ്പോൾ, മഹാഭൂരിപക്ഷം കോളേജുകളും ഗവൺമെന്റ് നിലപാട് സ്വീകരിച്ചു എങ്കിലും ഒരു കോളേജ് കോടതിയിൽ പോയി. കോടതി അവർക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു. ഇപ്പോൾ കേസ് സുപ്രീംകോടതിയിൽ ഇരിക്കുകയാണ്. അതേ തുടർന്നാണ് ഈ പ്രതിസന്ധി. ഇത് ഗവൺമെന്റ് ഉണ്ടാക്കിയ പ്രതിസന്ധിയല്ല. ഗവൺമെന്റിന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. ഗവൺമെന്റിന് നിയമപരമായ തീരുമാനം എടുക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടായിരിക്കുന്നു. ആ സാഹചര്യത്തെ അതിജീവിക്കാൻ വേണ്ടിയാണ് സുപ്രീംകോടതിയിൽ കേസുമായി ഗവൺമെന്റ് പോയത്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റീസ് അടക്കമുള്ള ഒരു കോൺസ്റ്റിറ്റ്യൂഷണൽ ബഞ്ച് ഈ കേസ് കേട്ടുകൊണ്ടിരിക്കുകയാണ്. വിധി ഏതു നിമിഷവും വരാവുന്ന സാഹചര്യമാണ്. അത് ഞാൻ തുടക്കത്തിലേ പറഞ്ഞു. പ്രശ്ന പരിഹാരത്തെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും നിങ്ങൾ പറയുന്നതുപോലെത്തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. 50% സീറ്റ് മെറിറ്റ് അടിസ്ഥാനത്തിൽ; ഫീസ് നിശ്ചയിക്കാനുള്ള അവകാശം ഗവൺമെന്റിനും ഉണ്ടാകണം. പക്ഷേ ഗവൺമെന്റിന്, നിങ്ങൾ സ്റ്റേഷനിൽ പോയി പ്രതികളെ ഇറക്കിക്കൊണ്ടു വന്നപോലെ നിയമവിരുദ്ധമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ? ഗവൺമെന്റ് ചെയ്യുമ്പോൾ നിയമപരമായി അല്ലേ ചെയ്യാൻ സാധിക്കുകയുള്ളൂ.....(ബഹളം).....

10.00 A. M.]

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, താങ്കൾ പ്രതിപക്ഷത്തായിരുന്ന കാലത്ത്.....(ബഹളം).....

<u>ശ്രീ. എ. കെ. ആന്റണി:</u> ഒരാളെയും വിളിച്ചിറക്കിക്കൊണ്ടുവന്നിട്ടില്ല. സെക്രട്ടേറിയറ്റിൽപോയി അവരെ കണ്ടു. അവരെ സന്ദർശിച്ചു. കോടിയേരി, കാലം മാറും, നാളെ എന്തൊക്കെ സംഭവിക്കുമെന്ന് ആരും അറിയുന്നില്ല. അതുകൊണ്ട് ആവശ്യമില്ലാത്ത മാതൃക കാണിച്ചുകൊടുക്കരുത്. നാളെ താങ്കൾക്കുതന്നെ ചിലപ്പോൾ അതു വിനയായിട്ടുവരും. അതുകൊണ്ട് ഇതുപോലെയുള്ള അപകടങ്ങൾ കാണിക്കരുതെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുവാനുള്ളത്. അങ്ങ് ചെറുപ്പമാണ്. ഭാവിയുള്ള ആളാണ്. വെറുതെ അപകടങ്ങളുണ്ടാക്കുന്ന ചീത്ത മാതൃക കാണിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോലീസ് പറഞ്ഞു നിങ്ങൾ കൊണ്ടു പോയ്ക്കൊള്ളാൻ. ഞങ്ങൾ പിന്നെ എന്തു ചെയ്യണം?

ശ്രീ. എ. കെ. ആന്റണി: ഞാൻ അങ്ങയോട് ഒരു വഴക്കിനില്ല. പക്ഷേ അങ്ങും ബഹുമാന്യരായ സുഹൃത്തുക്കളും ഇന്നലെ കാണിച്ചത് ഒരർത്ഥത്തിൽ നിയമവിരുദ്ധമായിപ്പോയി. അതു ഞാൻ ബഹുമാനപ്പെട്ട കോടിയേരി, തോമസ് ഐസക് തുടങ്ങിയ മെമ്പർമാരോട്.....കെ. പി. രാജേന്ദ്രനെപ്പോലെയുള്ള മെമ്പർമാരുടെ നേതൃത്വത്തിൽ ഞാൻ ഒരിക്കലും ഇത് പ്രതീക്ഷിച്ചില്ല. ഗവൺമെന്റ് ആദ്യം മുതൽ പ്രശ്ന പരിഹാരം ആഗ്രഹിക്കുന്നതാണ്. അതാണ് ഗവൺമെന്റിന്റെ നിലപാട്. നിങ്ങൾക്ക് പ്രശ്ന പരിഹാരമായിരുന്നു വേണ്ടിയിരുന്നതെങ്കിൽ ഗവൺമെന്റ് അസംബ്ലിയിൽ പറഞ്ഞ വാക്കിന്റെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് ഈ സമരം ഒഴിവാക്കാമായിരുന്നു. വിദ്യാർത്ഥി നേതാക്കൾ എന്നെ വന്നു കണ്ടു. ഞാനവരെ വീട്ടിൽ വിളിച്ചു വരുത്തി ദീർഘമായി സംസാരിച്ചു. ചികിൽസയിലായിരുന്നു എങ്കിലും വിദ്യാർത്ഥി നേതാക്കൾ കാണണം എന്നു പറഞ്ഞപ്പോഴേ അവർക്ക് ടൈം കൊടുത്തു. ഞാൻ അവരോട് പറഞ്ഞു, കേസ് കോടതിയിലാണ്. ഞങ്ങളും ഈ നിലപാടുകാരാണ് എന്ന്. പിന്നെ ഞാൻ ശ്രീ. സൂപ്പിയോട് സംസാരിക്കാനും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ നിരാഹാരത്തിനു പോകേണ്ട, വിദ്യാഭ്യാസ മന്ത്രി നിങ്ങളെ വിളിച്ചു സംസാരിക്കും എന്ന്. ഞങ്ങൾ അനൗൺസ് ചെയ്തുപോയി എന്ന് അവർ പറഞ്ഞു. ഞാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. സൂപ്പിയോടും അതുപോലെ തന്നെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ശങ്കരനോടും സമരം ചെയ്യുന്ന രണ്ടു വിഭാഗത്തേയും വിളിച്ചു സംസാരിക്കാൻ പറഞ്ഞു. മെഡിക്കൽ നഴ്സിംഗ് കോളേജ് വിദ്യാർത്ഥികളോട് സംസാരിക്കാൻ ആരോഗ്യ വകുപ്പുമന്ത്രിയോട് പറഞ്ഞു. അദ്ദേഹം വിളിച്ചു സംസാരിച്ചു. ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി സൂപ്പിയോട് സമരം ചെയ്യുന്ന വിദ്യാർത്ഥികളോട് സംസാരിക്കാൻ പറഞ്ഞു. ഇതിനിടയ്ക്ക് നിർഭാഗ്യവശാൽ വിദ്യാഭ്യാസ മന്ത്രിക്ക് അല്പം ആരോഗ്യ പ്രശ്നങ്ങളുണ്ടായി. അദ്ദേഹം ചികിൽസ കഴിഞ്ഞ് എത്രയും വേഗം വരുമെന്ന് പ്രതീക്ഷിക്കുന്നു. പക്ഷേ അതിനിടയിൽ ശ്രീ. കോടിയേരി ഇവിടെ ശ്രീ. മാണിസാറിന്റെ സീറ്റിൽ ഇരുന്നപ്പോൾ ഞാൻ പറഞ്ഞു. ശ്രീ. സൂപ്പി സുഖമില്ലാതിരിക്കുകയാണ് ശ്രീ. കുഞ്ഞാലിക്കുട്ടിയുമായി സംസാരിച്ച് ഒരു ധാരണയുണ്ടാക്കുവാൻ. കാരണം സൂപ്പിക്ക് സുഖമില്ല. അതുകൊണ്ട് സംസാരിച്ചു തീർക്കാൻ പറഞ്ഞു. സംസാരിക്കാമെന്ന് അവർ പറഞ്ഞു. അത് കഴിഞ്ഞ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചാർജ്ജുകൂടി ശ്രീ. കുഞ്ഞാലിക്കുട്ടിക്കു വന്നശേഷം രണ്ടു പ്രാവശ്യം നിങ്ങൾ തമ്മിൽ അനൗപചാരിക സംഭാഷണം നടത്തി. ദീർഘമായി സംസാരിച്ചു. വളരെ മണിക്കൂർ സമയം തിരുവനന്തപുരം ഗസ്റ്റ് ഹൗസിൽ വച്ച് എല്ലാം വിശദമായിട്ട് സംസാരിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ ചാർജ്ജുകൂടി വന്നതിനുശേഷവും അതിനു മുമ്പും ശ്രീ. കുഞ്ഞാലിക്കുട്ടി മുൻകൈയെടുത്ത് നിങ്ങളുമായിട്ടെല്ലാം സംസാരിച്ചു. ഞാൻ പലപ്രാവശ്യം വിദ്യാർത്ഥി നേതാക്കളോട് സംസാരിച്ചു. ഈ ഗവൺമെന്റ് ഏറ്റുമുട്ടലിന്റെ പാത സ്വീകരിക്കുന്ന ഒരു ഗവൺമെന്റല്ല. സമന്വയമാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. ചർച്ച ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാണ്. ചർച്ചയിൽക്കൂടി പ്രശ്നങ്ങൾ പരിഹരിക്കണം എന്നാണ് ഗവൺമെൻറിന്റെ ആഗ്രഹം. മാത്രമല്ല, ഈ പ്രശ്നം സംബന്ധിച്ച് നമ്മൾക്ക് തർക്കവുമില്ല. 50% സീറ്റ് മെറിറ്റ്, ഗവൺമെന്റിന് ഫീസ് നിശ്ചയിക്കാനുള്ള അവകാശം, ഈ കാര്യത്തിൽ തർക്കമില്ല. പക്ഷേ ഗവൺമെൻറിന് നിയമപരമായല്ലേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.സുപ്രീം കോടതിയിൽ കേസ് ഒന്നു വരട്ടെ, തീരുമാനം അറിഞ്ഞശേഷം അനന്തര കാര്യങ്ങൾ നമുക്ക് ആലോചിക്കാം—ഇതാണ് ഗവൺമെന്റ് ആദ്യം മുതൽ പറഞ്ഞത്. അല്ലാതെ നിഷേധാത്മകമായ നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഗവൺമെന്റിന്റെ നിലപാട് ആവർത്തിച്ച്, ആവർത്തിച്ച് പ്രഖ്യാപിച്ചു കഴിഞ്ഞിട്ടും, ഈ സഭയിൽ തന്നെ പറഞ്ഞു കഴിഞ്ഞിട്ടും സമരം തുടങ്ങിയതുതന്നെ ഒരു എടുത്തുചാട്ടം ആയിപ്പോയി. ഇപ്പോൾ സമരം തുടരുന്നതും അതുപോലെ പ്രയാസമുള്ള കാര്യമാണ്. ഇന്നലെ നടന്ന അക്രമത്തെക്കുറിച്ച് എനിക്ക് പറയുവാനായിട്ടുള്ളത്, സമീപ കാലത്ത് അതിനൊരു സമാനതയില്ല എന്നാണ്. ഇത് വിദ്യാർത്ഥി സമരമാണോ? ഒന്നാമത്, സി. പി. എം. സെക്രട്ടറി പറഞ്ഞു, സമരം ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നു. ഇടതുപക്ഷ മുന്നണി സമരം ഏറ്റെടുത്തു കഴിഞ്ഞിരിക്കുകയാണ് എന്ന്. വിദ്യാർത്ഥികളെ മുന്നിൽ നിർത്തിയിട്ടുള്ള രാഷ്ട്രീയ സമരത്തിന്റെ ഭാഗമാണ് ഇത്. ഈ സർക്കാരിനെ ആരെ കൂട്ടുപിടിച്ചും താഴെ ഇറക്കുക എന്നുള്ളതാണല്ലോ നിങ്ങളുടെ ലക്ഷ്യം. ഗവൺമെന്റിൽ ഇരിക്കുന്നവരെല്ലാം മോശക്കാരാണ്. പക്ഷേ ഗവൺമെന്റിനെ താഴെയിറക്കാൻ ആര് കൂടെ വന്നാലും സ്വീകരിക്കും എന്നല്ലേ നിങ്ങൾ പറയുന്നത്? ഇത് നിങ്ങളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനെ താഴെ ഇറക്കാനുള്ള സമരതന്ത്രത്തിന്റെ മറ്റൊരു ഭാഗമാണ്. നിങ്ങൾ ഈ സമരത്തെ ആ രീതിയിലാണ് കാണുന്നത് എന്നതാണ് സത്യം. ഇവിടെ ഇന്നലെ നടന്ന സംഭവങ്ങൾ നിങ്ങൾ അട്ടിമറിക്ക് ഒരുപാട് ശ്രമിച്ചല്ലോ, അതിന്റെ കൂട്ടത്തിൽ മറ്റൊരു അദ്ധ്യായം മാത്രം. ഇന്നലെ നടന്ന സംഭവങ്ങൾ നിർഭാഗ്യവശാൽ ഇവിടത്തെ എല്ലാ ടി. വി. ചാനലുകളിലും സംപ്രേഷണം ചെയ്തിട്ടുണ്ട്. ഒരു ചാനൽ ലൈവ് ആയിട്ടും കാണിച്ചു. ലൈവായിട്ട് നടക്കുന്നത് കൃത്രിമമല്ലല്ലോ. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചാൽ എം. എൽ. എ.-മാർക്കും പത്രപ്രവർത്തകർക്കും വേണ്ടി നമുക്ക് ഈ ലൈവ് ചാനൽ ഒന്നിച്ചിരുന്ന് കാണാം. ഒരിക്കൽകൂടി അതു കാണിക്കാം. അത് ജനങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരുന്നതാണ്.....(ബഹളം).....(ബഹളം) നിങ്ങളുടെ പ്രയാസം ഞാൻ മനസ്സിലാക്കുന്നു.. ഇപ്പോൾ ടി. വി. വന്നതോടുകൂടി വലിയ പ്രശ്നമായി. അത് സംഭവങ്ങൾ അതുപോലെ കാണിക്കും. ജനങ്ങൾ മുഴുവൻ കണ്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അതിന്റേതായ പ്രയാസങ്ങളുണ്ട്..... (ബഹളം).....(ബഹളം)

മി. സ്പീക്കർ: ഓർഡർ,.....ഓർഡർ. മി. സുപാൽ ഇരിക്ക്.

ശ്രീ. എ. കെ. ആന്റണി: എനിക്ക് ശേഷം നിങ്ങളാണ് പ്രസംഗിക്കാനുള്ളത്. എന്നെ പറയാൻ അനുവദിക്കുക, ഇന്നലെ നടന്ന സംഭവങ്ങളെക്കുറിച്ച് എല്ലാ വാർത്താ മാദ്ധ്യമങ്ങളിലും ഫോട്ടോ കൊടുത്തിട്ടുണ്ട്. വിദ്യാർത്ഥികളാണ് ആദ്യം എല്ലാ തരത്തിലുമുള്ള പ്രകോപനവും ഉണ്ടാക്കിയതെന്ന് മിക്കവാറും എല്ലാ വാർത്താ മാധ്യമങ്ങളിലും പറഞ്ഞിട്ടുണ്ട്. കല്ല് മാത്രമല്ല കിട്ടുന്ന എല്ലാ ആയുധങ്ങളും ഉപയോഗിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് പോലീസിനെ ആക്രമിച്ചു എന്ന് എല്ലാവരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കസേര, ട്യൂബ് ലൈറ്റ്, ബോംബ്, കല്ല്, ഇതൊക്കെ ഗാന്ധിയൻ സമരത്തിന്റെ,..... മഹാത്മാഗാന്ധിയുടെ സമരത്തെ നാം അങ്ങനെ വിലയിടിച്ചു കാണിക്കരുത്. ഗാന്ധിയൻ സമരത്തിൽ ഒരിക്കലും ഇങ്ങനെയുള്ള അക്രമമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ല. ഇന്നലെ നടന്നത് അക്ഷരാർത്ഥത്തിലുള്ള ഒരു കലാപമാണ്. കുട്ടികളെ വളരെ കഷ്ടപ്പെട്ടാണ് അവരുടെ മാതാപിതാക്കൾ സ്കൂളിലേക്കും കോളേജിലേക്കും അയയ്ക്കുന്നത്. ആ കുട്ടികളെ ചെറുപ്പത്തിലെ തന്നെ ഇതുപോലുള്ള അക്രമങ്ങൾക്ക് നിങ്ങൾ സജ്ജരാക്കരുത്. ഇന്നലെ നടന്നത് കലാപം തന്നെയാണ്. എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് ഒരു കാര്യം പറയാനുള്ളത് ഭരണം മാറും സ്ഥിരമായി ആരും ഭരണത്തിൽ ഇരിക്കില്ല. നാമെല്ലാം ഇവിടെ അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ കേരളത്തിൽ മാറിമാറി ഭരിച്ച കക്ഷികളാണ്. നിയമം കയ്യിലെടുക്കുന്നത് ശരിയല്ല. നിയമസഭാ സാമാജികന്മാർ അവരുടെ അധികാരവും അവകാശവും പ്രത്യേകമായ അവകാശവും ഉപയോഗിച്ചുകൊണ്ട് പോലീസ് സ്റ്റേഷനിൽ പോയി അവിടെ സൂക്ഷിച്ചിരിക്കുന്ന പ്രതികളെ ബലമായി പിടിച്ചുകൊണ്ടു പോകുന്നത് ഒരു കാലത്തും പ്രോൽസാഹിപ്പിക്കാവുന്നതല്ല, നിങ്ങൾക്ക് തെറ്റിപ്പോയി..... (ബഹളം)..... ഏതായാലും അത് സംഭവിക്കാൻ പാടില്ലാത്തതായിരുന്നു, ഒരു കാലത്തും ചെയ്തുകൂടാത്ത ഒരു കാര്യമാണ്. നിങ്ങൾക്ക് വലിയൊരു വീഴ്ച വന്നുപോയി. ഒരു കാലത്തും നിങ്ങളിൽനിന്നും അതുണ്ടാകാൻ പാടില്ലാത്തതായിരുന്നു. നിയമം നിർമ്മിക്കുന്ന, നിയമനിർമ്മാണ സഭയിലെ ഉത്തരവാദപ്പെട്ട അംഗങ്ങൾ സ്റ്റേഷൻ കയ്യേറി പ്രതികളെ ബലമായി പിടിച്ചുകൊണ്ടു പോയത് കടുത്ത ഒരു നടപടിയായിപ്പോയി, നിർഭാഗ്യകരമായ ഒരു നടപടിയായിപ്പോയി. .....(ബഹളം).....അത് ഒരിക്കലും ചെയ്തുകൂടാത്തതായിരുന്നു..... (ബഹളം).....

മി. സ്പീക്കർ: ഇതുകഴിഞ്ഞ് പ്രതിപക്ഷത്തിനും സംസാരിക്കണം, ഇരിക്ക്..... മുഖ്യമന്ത്രി പ്രസംഗിച്ചു കഴിഞ്ഞാൽ പ്രതിപക്ഷത്തിനും സംസാരിക്കണം. അന്നേരവും ബഹളമുണ്ടാക്കിയാൽ നമുക്കിവിടെ എന്തെങ്കിലും നടത്താൻ പറ്റുമോ? അതുകൊണ്ട് മുഖ്യമന്ത്രി പറയുന്നത് കേൾക്ക്, അതുകഴിഞ്ഞ് പ്രതിപക്ഷ നേതാവ് സംസാരിക്കും അതും കേൾക്ക് അല്ലാതെ അങ്ങോട്ടുമിങ്ങോട്ടും ബഹളമുണ്ടാക്കിയാൽ ഒന്നും നടക്കില്ല. നിങ്ങൾ 40 പേരാണെങ്കിൽ അവർ 100 പേരുണ്ട്, അവരുടെ ശബ്ദം കുറച്ചുകൂടി വലുതായിരിക്കും.

ശ്രീ. എ. കെ. ആന്റണി: ബഹുമാനപ്പെട്ട, പ്രതിപക്ഷ ഉപനേതാവ് പറഞ്ഞ ഒരു കാര്യത്തോട് ഗവൺമെന്റിന് യോജിപ്പാണ്. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം പരിഹരിക്കണമെന്ന താൽപ്പര്യമുണ്ട്. പക്ഷേ ഗവൺമെന്റിന്റെ കൈകൾ കെട്ടപ്പെട്ടിരിക്കുകയാണ്, നിയമക്കുരുക്കിലാണ്. സുപ്രീംകോടതി വിധി വന്നാൽ ഉടൻ തന്നെ ഇതിന് പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ നമുക്ക് ആലോചിച്ച് തീരുമാനിക്കാം. ഗവൺമെന്റിന് ഈ കാര്യത്തിൽ രണ്ടഭിപ്രായമില്ല. അതിനിടയിൽ ഇന്നിപ്പോൾ തയ്യാറാണെങ്കിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ഉപനേതാവിനോടും ഞാൻ പറയുന്നു, നിങ്ങൾ തയ്യാറാണെങ്കിൽ ഈ സഭ പിരിഞ്ഞതിനുശേഷം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിങ്ങളുമായി സംസാരിക്കാൻ തയ്യാറാണ്. അങ്ങ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെയാണെങ്കിൽ പ്രശ്നം ഉച്ചയ്ക്ക് തീരും. കാരണം ഗവൺമെന്റിന് അതേക്കുറിച്ച് തർക്കമില്ല. അതുകൊണ്ട് ചർച്ചയ്ക്ക് ഞങ്ങൾ ഇപ്പോഴേ റെഡി, നിങ്ങൾ പറയുന്ന സമയത്ത് നമുക്ക് ചർച്ച ആരംഭിക്കാം. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുണ്ടാകും, നിങ്ങളും ആവശ്യമുള്ളവരെ കൂട്ടിക്കൊണ്ടുവരിക, നമുക്ക് ചർച്ച ചെയ്ത് ഈ പ്രശ്നം ഉച്ചയ്ക്കുമുമ്പ് തീർക്കാം. ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്. അതേ അവസരത്തിൽ ഇന്നലെ സെക്രട്ടേറിയറ്റ് പടിക്കൽ ഉണ്ടായതുപോലെ, കേരളത്തിന്റെ പല ഭാഗത്തുമുണ്ടായതുപോലെ, വിദ്യാർത്ഥി സമരത്തിന്റെ പേരിൽ കലാപം അഴിച്ചു വിടാനാണ് പരിപാടിയെങ്കിൽ അതിനെ അതിശക്തിയായി ഗവൺമെന്റ് നേരിടും. ഇക്കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഇന്നലെ നടന്ന അത്യന്തം നീചവും ക്രൂരവുമായ വിദ്യാർത്ഥി വേട്ടയെ ന്യായീകരിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പല കാര്യങ്ങളും ഇവിടെ പറഞ്ഞു. 'ഒരു കലാപത്തിനുവേണ്ടി ശ്രമിച്ചു,' 'സ്റ്റേഷനിൽ നിന്നും തടവുകാരായി വച്ചിരുന്ന വിദ്യാർത്ഥികളെ തട്ടിക്കൊണ്ടുപോയി' എന്നെല്ലാമുള്ള (നെറികെട്ട എന്നാണ് ഇവിടെ പ്രയോഗിക്കേണ്ടതെങ്കിലും മുഖ്യമന്ത്രി ഉപയോഗിച്ചതുകൊണ്ട്) വളരെ തെറ്റായ, ബോധപൂർവ്വം സഭയേയും ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടിയുള്ള ഒരു പ്രസ്താവനയാണ് ഇവിടെ നടത്തിയിട്ടുള്ളത്. വാസ്തവത്തിൽ ഈ അടിയന്തിരപ്രമേയത്തിനാധാരമായ വസ്തുതകളെ സംബന്ധിച്ച് വളരെ ലളിതവും വിശദവുമായി ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞു. അതിലൊരു ആവർത്തനം നടത്താൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മൗലികമായ പ്രശ്നം നിങ്ങൾ ഈ വിദ്യാഭ്യാസ കച്ചവടക്കാരുടെ തടവറയിൽ കിടന്ന് മോങ്ങുന്നു എന്നതാണ്. ആ വിദ്യാഭ്യാസ കച്ചവടക്കാരുടെ തോന്ന്യാസത്തിന് നിയന്ത്രണം വരണം, അവരെ നിയന്ത്രിക്കണം. ഗവൺമെന്റിന്റെ പ്രഖ്യാപനത്തിന് അനുയോജ്യമായിട്ടുള്ള നിലയിൽ നിർദ്ദേശം കൊടുത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി വിദ്യാർത്ഥി പ്രതിനിധികൾക്ക് എഴുതിക്കൊടുത്ത വാഗ്ദാനം പാലിക്കണമെന്നാണ് സെക്രട്ടേറിയറ്റിന്റെ വാതിൽക്കൽ നിരാഹാര സമരം നടത്തുന്ന സംയുക്ത സമര സമിതിയിലെ വിദ്യാർത്ഥി പ്രതിനിധികൾ ആവശ്യപ്പെടുന്നത്. അത്യന്തം നീതിപൂർവ്വമായ ഒരാവശ്യമാണ് അവർ ഉന്നയിച്ചിട്ടുള്ളത്. എട്ടൊമ്പത് ദിവസമായിട്ടും നിങ്ങൾക്ക് ആ സമരത്തിനാധാരമായ പ്രശ്നം കഴിയുംവേഗം തീർക്കണമെന്ന നിലയിലുള്ള ചിന്ത ഉണ്ടായിട്ടില്ല. നിങ്ങളുടെ മൃഗീയമായ മനഃസ്ഥിതി മുത്തങ്ങയിൽ ഞങ്ങൾ കണ്ടു, ആ മൃഗീയമായ മനഃസ്ഥിതി ഇവിടെ വീണ്ടും ആവർത്തിക്കുകയാണ്, പാവങ്ങളിൽ പാവങ്ങളായ അവരെ നിങ്ങൾ വെടിവച്ചവരാണ്, അതുസംബന്ധിച്ച് ഒരു ജുഡീഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

എൻകയറി എന്ന ആവശ്യംപോലും തിരസ്കരിച്ചവരാണ് നിങ്ങൾ. അങ്ങനെയുള്ള നിങ്ങൾ, ഞാൻ മുത്തങ്ങയിൽ പോയപ്പോൾ നിങ്ങളിവിടെ വ്യാഖ്യാനിച്ചത് നേരിട്ട് കേട്ട താണ്. അതുപോലെ ഇപ്പോൾ ഇവിടെ Contonment Police Station-ൽ ചെന്നപ്പോൾ മർദ്ദനമേറ്റ് എഴുന്നേൽക്കാൻ പാടില്ലാത്ത വിധത്തിൽ കിടന്ന ഒരു കുട്ടിയെ സംബന്ധിച്ച് നിങ്ങൾ എന്തുകൊണ്ടാണ് ആശുപത്രിയിൽ അയയ്ക്കാതിരുന്നത് എന്ന് ചോദിച്ചപ്പോൾ വാഹനമില്ലെന്നുപറഞ്ഞു. ഇവർ വാഹനവുമായിട്ടാണ് ചെന്നത്, അവർ വാഹനമില്ലെന്ന് പറയുമ്പോൾ തിരിഞ്ഞുപോയാൽ എം. എൽ. എ.-മാർ വാഹനത്തിൽ വന്നു, വാഹനമി ല്ലെന്നു പറഞ്ഞിട്ടും മാന്യമായി അവർ വാഹനത്തിൽ പോയി, ആ കുട്ടിയെ ആശുപത്രി യിൽ അയയ്ക്കാൻ അവർ തയ്യാറായില്ലെന്നായിരിക്കില്ലേ വിദ്യാർത്ഥികളെ തട്ടിക്കൊണ്ടുപോയി എന്ന് ഇപ്പോൾ നിങ്ങളോടു പറഞ്ഞ വിദ്വാൻമാർ പറയുക? ഈ തരത്തിൽ അത്യന്തം ജുഗുപ്സാവഹമായ നിലയിൽ, തെറ്റായ നിലയിൽ വ്യാഖ്യാനി ച്ചുകൊണ്ട് ഇവിടെ ഈ തരത്തിൽ അബദ്ധജഡിലമായ കാര്യങ്ങൾ പറയാനാണ് നിങ്ങ ളുടെ പോലീസ് നിങ്ങളെ ഉപയോഗിച്ചിട്ടുള്ളതെന്ന് നിങ്ങൾ മനസ്സിലാക്കണം. യഥാർത്ഥ വസ്തുതകൾ ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ഞങ്ങൾക്ക് എന്താ, അവിടെ ആ വിദ്യാർത്ഥി കാലൊടിഞ്ഞു കിടന്നാൽ ഇവിടെ ഹൈക്കോടതിയുണ്ട്, സുപ്രീംകോടതിയുണ്ട്, കോടതികളുണ്ട്, നിങ്ങൾക്കവിടെ ആ തടവുകാരനെ ദീർഘ കാലം ഇട്ടുകൊണ്ടിരിക്കുവാൻ പറ്റില്ല. എങ്ങനെയിറക്കാമെന്ന് ഞങ്ങൾക്ക് സാമാന്യ മായി അതേപ്പറ്റിയുള്ള വിവരമില്ലേ? അവിടെ തല്ലുകൊണ്ട് കാലൊടിഞ്ഞു കിടന്ന ആ വിദ്യാർത്ഥിയെ കഴിയുംവേഗം ആശുപത്രിയിലെത്തിക്കുക എന്നുള്ളതല്ലാതെ ഇവർ എന്താണ് അവിടെ ചെയ്തത്? അവർ വീട്ടിൽകൊണ്ടുപോവുകയായിരുന്നോ, പാർട്ടി ഓഫീസിൽ കൊണ്ടുപോകുകയായിരുന്നോ, വിദ്യാർത്ഥി സംഘടനയുടെ ഓഫീസിൽ കൊണ്ടുപോവു കയായിരുന്നോ? ചെയ്തത് നേരെ ആശുപത്രിയിലാണ് കൊണ്ടുപോയത്. നിങ്ങളുടെ പോലീസിനെ അല്ലെങ്കിൽ നിങ്ങൾക്ക് വിശ്വസ്തരായ ആളുകളെവിട്ട് അന്വേഷിച്ചു നോക്കൂ അയാളിപ്പോൾ എവിടെയാണെന്ന്. ഈ തരത്തിൽ അസംബന്ധജടിലമായ കാര്യങ്ങൾ പോലീസ് ഇറക്കുക, അവ ഇവിടെ കടലാസ് നോക്കിയും അല്ലാതെയും വായിക്കുക എന്നുള്ളതുകൊണ്ടുമാത്രം ഒരു മുഖ്യമന്ത്രിയുടെ ചുമതല തീരുകയില്ല. നിങ്ങൾ ഈ മൗലിക പ്രശ്നത്തിലേക്കു വരൂ. നിങ്ങൾ പറഞ്ഞത് ഞങ്ങൾ സുപ്രീംകോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ് എന്നാണ്. കോളേജുകൾ അനുവദിക്കുന്നതു സംബന്ധിച്ച കാര്യങ്ങൾ നിങ്ങൾ കൈകാര്യം ചെയ്ത രീതിയും ഇന്ത്യയിലെ മറ്റു സംസ്ഥാന ഗവൺമെന്റുകൾ കൈകാര്യം ചെയ്ത രീതിയും തമ്മിലുള്ള വ്യത്യാസങ്ങൾ ഞങ്ങളിവിടെ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. നിങ്ങൾ ഈ കോളേജുകൾ അനുവ ദിക്കുമ്പോഴാകട്ടെ, നിങ്ങളുടെ കൈയിൽ ഒരു ചരടുമില്ലാതെ, നിങ്ങളുടെ കൈയിൽ യാതൊരു നിയന്ത്രണവുമില്ലാതെ, ഒരു ചെറിയ നൂലുപോലുമില്ലാതെയാണ് നിങ്ങൾ ഈ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്ക് ഇതിനുള്ള അനുവാദം നൽകിയത്. നിങ്ങൾക്ക് ഒരു നിയന്ത്രണമുണ്ടായിരുന്നുവെങ്കിൽ ഈ പുഷ്പഗിരി മാനേജ്മെന്റിനെപ്പോലെയുള്ള വരുടെ തോന്ന്യാസങ്ങൾ—നിങ്ങൾ വിളിച്ചാൽപ്പോലും വരാത്തവിധത്തിലും നൂറുശതമാനം

LIBRARY ARCHIVES Kerala Legislative Assembly

ഫീസ് വർദ്ധിപ്പിക്കത്തക്ക തരത്തിലുമുള്ള നിലപാട് അവർ സ്വീകരിക്കുമായിരുന്നോ? ഈ കോളേജ് അനുവദിക്കുമ്പോൾ ഗവൺമെന്റിന്റെ ഒരു ചെറിയ നിയന്ത്രണത്തിന്റെ രേഖയെങ്കിലും നിങ്ങൾക്ക് നൽകാൻ കഴിയാതിരുന്നതെന്താണ്? ഈ സ്വകാര്യ വിദ്യാഭ്യാസ കച്ചവടക്കാർക്കുവേണ്ടി യാതൊരു നിയന്ത്രണവുമില്ലാതെ ഈ കാര്യങ്ങൾ അംഗീകരിക്കുന്നത് മി. മാണിയാണെങ്കിൽ എനിക്ക് മനസ്സിലാകും. പക്ഷേ മുഖ്യമന്ത്രി ആന്റണി ഈ കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യക്കാരെ വിട്ടത് ശരിയാണോ? അതുകൊണ്ടല്ലേ അവർ ഇപ്പോൾ നിങ്ങളെ മുട്ടുകുത്തിക്കുന്നത്? അതുകൊണ്ട് നിങ്ങളുടെ അബദ്ധം ഇവിടെ തുടങ്ങി. ഈ നിയമം കൊണ്ടുവരുന്നതിനെ നിയന്ത്രിക്കാനുള്ള നടപടി ഏതെങ്കിലും തരത്തിൽ കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞോ? കർണ്ണാടക ഗവൺമെന്റ് കൊണ്ടുവന്ന ഗൈഡ്‌ലൈൻ ആണെന്ന് നിങ്ങൾ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ വച്ച് എന്നോട് പറഞ്ഞു. ശരി ഞാൻ അത് അംഗീകരിക്കുന്നു. ആ തരത്തിലെങ്കിലും നിയന്ത്രണം കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞോ? കഴിഞ്ഞില്ലാ എന്നുള്ളതാണ് രണ്ടാമത്തെ തെറ്റ്. അതിന്റെ ഫലമോ ആദ്യം 100% സീറ്റും വൻ തുക വാങ്ങി നൽകി. നിങ്ങൾ പ്രഖ്യാപിച്ചതെന്താണ്? രണ്ട് സ്വാശ്രയ കോളേജ് = ഒരു ഗവൺമെന്റ് കോളേജ് എന്നാണ്. അത് നടപ്പിലാക്കിയോ? നടപ്പിലാക്കിയില്ല. അങ്ങനെ നടപ്പിലാക്കാതെ വരുന്നതിന്റെ ഫലമായി കുട്ടികൾ എന്താണ് ചെയ്യേണ്ടത്? നിങ്ങൾ സുപ്രീകോടതിയുടെ വിധിവരെ കാത്തിരിക്കാൻ പറഞ്ഞാൽ നിങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള ഫീസ് അവർ കൊടുക്കണ്ടേ? ആ ഫീസ് കൊടുക്കാതെ കുട്ടികൾക്ക് എഞ്ചിനീയറിംഗ് കോളേജിലോ മറ്റ് കോളേജുകളിലോ ചേരാൻ കഴിയുമോ? അവരെ സഹായിക്കാൻ വേണ്ടി നിങ്ങൾ ആർട്സ് കോളേജിലും മറ്റു കോളേജുകളിലുമൊക്കെ ഉണ്ടായിരുന്നതിന്റെ അഞ്ചിരട്ടി ഫീസ് വർദ്ധിപ്പിച്ചില്ലേ? ആരെ സഹായിക്കാനാണിത്? ഈ വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കാനല്ലേ? ഇത്തരം നാണംകെട്ട സമീപനം സ്വീകരിച്ചു കൊണ്ട് നിങ്ങൾ ഞങ്ങളെ ഉപദേശിക്കുന്നു. നിങ്ങൾക്ക് അപാരമായ ചർമ്മശക്തിയുണ്ട്. സമ്മതിച്ചുതരാം. ഞാൻ പറയുന്നു, ഉപദേശം നിർത്തുക നിങ്ങൾ തന്നെ പ്രഖ്യാപിച്ച കാര്യങ്ങൾ നടപ്പിലാക്കാനുള്ള ധീരമായ നടപടികൾ സ്വീകരിക്കുകയാണെങ്കിൽ അപ്പോൾ പ്രശ്നം തീരും. അല്ലാതെ സമരം അടിച്ചമർത്താൻ ശ്രമിച്ചാൽ, ഈ അടിച്ചമർത്തൽ കൊണ്ട് പ്രശ്നം തീരില്ല. വിദ്യാർത്ഥികൾ അഞ്ചാറു ലക്ഷമുണ്ട് എന്ന് ഓർക്കണം. 40,000 വരുന്ന പോലീസുകാരോ അല്ലെങ്കിൽ പട്ടാളക്കാരോ പുതിയ ആയുധങ്ങളുമായിട്ട് ഇറങ്ങിയാലും ലക്ഷക്കണക്കിന് വിദ്യാർത്ഥികൾ, ലക്ഷക്കണക്കിന് മാതാപിതാക്കൾ, ലക്ഷക്കണക്കിന് തൊഴിലാളികൾ ഉണ്ട്. അവകാശങ്ങൾക്കുവേണ്ടി പോരാടുന്നവരെ പിന്തുണയ്ക്കാൻവേണ്ടി, സഹായിക്കാൻ വേണ്ടി നിൽക്കുന്ന ഞങ്ങളെപ്പോലെയുള്ള ഇടതുപക്ഷക്കാർ, അതൊന്നും ഞങ്ങൾ മറച്ചു വയ്ക്കില്ല. ഇത്തരം ന്യായമായ ഏത് സമരത്തിനും ഞങ്ങൾ പിന്തുണ നൽകുക തന്നെ ചെയ്യും. പിന്നെ തൊട്ടതിനെല്ലാം നിങ്ങളെ അട്ടിമറിക്കാൻ നോക്കുയല്ലേ എന്ന് പറഞ്ഞാൽ, ഈ കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുപ്പുവഴി ഞങ്ങളോട് പറഞ്ഞിരിക്കുന്നത് ഇവിടെ ഇരിക്കാനാണ്. ഈ പ്രതിപക്ഷത്തിരിക്കുന്നതുകൊണ്ട് നിങ്ങളുടെയിടയിൽ നടക്കുന്ന തമ്മിലടി ഫലപ്രദമായി ഞങ്ങൾ ഉപയോഗിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

കരയരുത്, ബേജാറാകരുത് എന്നേ അഭ്യർത്ഥിക്കാനുള്ളൂ. ഇത്രയൊന്നും മാറി നിന്ന് സ്വപ്നം കാണണ്ട. ജനവിധി വരുന്നതുവരെ ഞങ്ങൾ ഇവിടെ ഇരിക്കും. യാതൊരു സംശയവും വേണ്ട. നിങ്ങളുടെ കൂട്ടത്തിലുള്ള കൂട്ടുകാരെ നിങ്ങൾ കാലുപിടിച്ചോ, അഭ്യർത്ഥിച്ചോ, കരഞ്ഞോ ഒരുമിച്ച് നിർത്താൻ നോക്കിക്കോളൂ. അതാണ് ഉറച്ചു നിൽക്കാനുള്ള നല്ല വിദ്യ, അവർ വന്ന് പോലീസിന്റെ പ്രശ്നം പറഞ്ഞാലും അവർ മറ്റ് ഏതെങ്കിലും പ്രശ്നം പറഞ്ഞാലും കേൾക്കില്ല 'ഐ'-ക്കാർ വഴി ശുപാർശ. 'എ' -ക്കാർ വഴി ശുപാർശ, അങ്ങനെ ശുപാർശയായിട്ട് വരുമ്പോൾ 'ഐ'.-ക്കാരെ നിങ്ങൾ വരൂ അപ്പോൾ ഞാൻ നോക്കാം എന്ന ഈ സമീപനം നിർത്താതെ നിങ്ങൾക്ക് കൂട്ടുകാരെ അടുപ്പിക്കാൻ കഴിയില്ല. ഞാൻ അതിലേക്ക് കൂടുതലൊന്നും പോകുന്നില്ല. ഈ പ്രശ്നം തീർക്കാൻ അവസാനമായി നിങ്ങൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യസന്ധമായിട്ടുള്ളതും, ഉദ്ദേശ്യശുദ്ധിയോടുകൂടിയിട്ടുള്ളതുമാണെങ്കിൽ നിങ്ങൾ അതിന് വിദ്യാർത്ഥി പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്തു പരിഹരിക്കുന്നതിനുവേണ്ടിയിട്ടുള്ള എല്ലാ അനുകൂലമായ സാഹചര്യവും സ്വീകരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഞങ്ങൾ ഉന്നയിച്ചിരിക്കുന്ന ഈ പ്രശ്നത്തിൽ, നിങ്ങളുടെ പിന്നിൽ അണിനിരന്നിട്ടുള്ള, നിങ്ങൾക്ക് രണ്ട് കൊല്ലം മുമ്പ് വോട്ടുചെയ്തിട്ടുള്ള നിഷ്കളങ്കമാനസരായിട്ടുള്ള യു. ഡി. എഫിന്റെ അനുയായികളായിട്ടുള്ള രക്ഷകർത്താക്കളുടെവരെ പിന്തുണയുണ്ട് എന്ന് മനസ്സിലാക്കിക്കൊണ്ട് തന്നെയാണ് തികച്ചും സമാധാനപരമായിട്ടുള്ള നിലയിൽ ഒരു പ്രശ്നപരിഹാരത്തിനുവേണ്ടി ഞങ്ങൾ ശ്രമിക്കുന്നത്. നിങ്ങൾ അതിന് തുനിഞ്ഞാൽ നിങ്ങളുടെ കൂടെയുള്ള അനുയായികളുടെ പ്രശ്നം പരിഹരിക്കപ്പെടും എന്നുള്ളതുകൂടി മനസ്സിലാക്കിക്കൊണ്ട് ഈ പ്രശ്നത്തിൽ ഇടപെടണം. അതുകൊണ്ട് നമ്മുടെ സമീപനം വാചകത്തിൽ ഒന്ന് പറയുകയും ഞങ്ങൾ മുന്നോട്ടു വച്ചിട്ടുള്ള ഈ ആവശ്യം നിരാകരിക്കുംവിധം, സമരത്തെ തോൽപ്പിക്കത്തക്കവിധം മർദ്ദനം അഴിച്ചുവിട്ട് നിരവധികുട്ടികളെ ജീവച്ഛവങ്ങളാക്കുന്ന തരത്തിലുള്ള ക്രൂരമായ മർദ്ദനം നടത്തുന്നത് സംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞത്, ശരി അതേപ്പറ്റി അന്വേഷിക്കാമെന്നാണ്. അദ്ദേഹം ഇപ്പോൾ മറുപടി പറഞ്ഞപ്പോൾ ആ തരത്തിലുള്ള മറുപടി പറഞ്ഞതായി ഞാൻ കേട്ടില്ല. അതുപോലെ തന്നെ ഇങ്ങനെ ഇത് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നയവസരത്തിൽ ഈ സംഭവം വളരെ നിർഭാഗ്യകരമായിപ്പോയി എന്ന് വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയുമായി ഇതു സംബന്ധിച്ച് ഞാൻ സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. അപ്പോൾ ഈ പ്രശ്നത്തെ സംബന്ധിച്ച് ഞങ്ങൾ സ്വീകരിച്ച നിലപാട്, വിദ്യാർത്ഥി നേതാക്കൾ സ്വീകരിച്ച നിലപാട് തികച്ചും ന്യായമായ നിലയിലും സമാധാനപരമായ നിലയിലും ഒരു സമരം നടത്താനാണ്. കല്ലെടുക്കാനല്ല. കല്ലെടുക്കരുത് എന്നുള്ള എന്റെ അഭ്യർത്ഥന വിദ്യാർത്ഥികളും മറ്റ് ആളുകളും വൻ തോതിൽ മാനിക്കാൻ ശ്രമിച്ചു എന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. എ. ജീസ് ഓഫീസിന്റെ മതിലിനകത്ത് ഒളിച്ചിരുന്നിട്ട് —രണ്ട് ദിവസം മുമ്പ് നിങ്ങളുടെ പോലീസ് മഫ്ടിയിൽ ചെന്ന് ഇരുന്നതാണ്—അവിടത്തെ ഉദ്യോഗസ്ഥൻമാർ അത് മനസ്സിലാക്കിയിട്ട് അവർ എ.ജി-.യെ

LIBRARY ARCHIVES Kerala Legislative Assembly

അത് സംബന്ധിച്ച് കാര്യങ്ങൾ ധരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, ഇവിടെയിരുന്നിട്ടൊന്നും കാണിക്കാനില്ല, പോകൂ എന്ന് പറഞ്ഞ് ആട്ടിയോടിച്ചു. അപ്പോൾ ഈ പ്രശ്നം കുൽസിതമായ നിലയിൽ മാറ്റിത്തീർക്കുന്നതിനുവേണ്ടി നിങ്ങൾ അറിഞ്ഞോ അല്ലെങ്കിൽ അറിയാതെയോ തല്ലിപ്പിരിക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി നീങ്ങിയിട്ടുണ്ട് എന്നുള്ള സത്യം മറച്ചു വയ്ക്കാം എന്ന് കരുതരുത്. അതുകൊണ്ട് നിങ്ങൾ തെറ്റ് തിരുത്താൻ തയ്യാറാകണം. അത് സംബന്ധിച്ച് വ്യക്തമായ ഒരു അന്വേഷണം നടത്തണം, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം, ഒരു സമരത്തിലും കല്ലെറിയരുത്, ചോര തന്നെ വീണാലും കല്ലെറിയരുത് എന്നുള്ള അഭ്യർത്ഥന സാക്ഷാൽക്കരിക്കപ്പെടണം, നിങ്ങളുടെ ഭാഗത്തുനിന്നുകൂടിയുള്ള സമീപനമാണ് ഈ പ്രശ്നം എന്നുകൂടി അറിയിച്ചുകൊണ്ട്, മർദ്ദിച്ച് ഒതുക്കുക എന്നുള്ള സമീപനം നിങ്ങൾ സ്വീകരിക്കുന്നതിനെ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ തുടർന്നുള്ള സഭാനടപടികളിലൊന്നും തന്നെ പങ്കെടുക്കാതെ സഭ ബഹിഷ്കരിച്ചു പുറത്തുപോവുകയാണ്.

, (പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, മുഖ്യമന്ത്രി മറുപടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒന്നുരണ്ടു ചെറിയ കാര്യങ്ങൾ കൂടി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ഇവിടെ ശ്രീ. ബിനോയ് വിശ്വം സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് ചർച്ചയ്ക്ക് തയ്യാറാകണമെന്ന് പറഞ്ഞപ്പോൾ, വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത് ഉടനെ ചർച്ചയാകാം എന്നാണ്. വിദ്യാർത്ഥി നേതാക്കളെ ചർച്ചയ്ക്ക് വിളിക്കുന്നതിനു പകരം വിദ്യാർത്ഥി നേതാക്കന്മാരും സംസ്ഥാന നേതാക്കന്മാരും നിരാഹാരം കിടക്കുന്ന പന്തലിലേക്ക് ഗ്രനേഡ് വലിച്ചെറിഞ്ഞുകൊണ്ടാണ് നിങ്ങൾ അതിന് തുടക്കം കുറിച്ചത്. ഇവിടെ ശ്രീ. കോടിയേരി സൂചിപ്പിച്ചതുപോലെ ആ ഗ്രനേഡ് പൊട്ടിച്ചതിന്റെ ഫലമായി പത്തുദിവസമായി നിരാഹാരം കിടക്കുന്ന എ. ഐ. എസ്. എഫിന്റെ സംസ്ഥാന പ്രസിഡണ്ട് കൃഷ്ണപ്രസാദിന് പരിക്കുപറ്റി. ഒന്ന് അങ്ങോട്ടോ ഇങ്ങോട്ടോ മാറിയിരുന്നെങ്കിൽ എസ്. എഫ്. ഐ.-യുടെ ജനറൽ സെക്രട്ടറി രാജേഷിനോ കൃഷ്ണപ്രസാദിനോ ഇന്നലെ അതീവഗുരുതരമായി പരിക്കുപറ്റി അവരെ ആശുപത്രിയിലേക്ക് മാറ്റേണ്ടിവരുമായിരുന്നു. ഗ്രനേഡ് പൊട്ടിയതിന്റെ ഫലമായി പരിക്കുപറ്റിയ സജീഷിന് ഇന്റേണൽ ബ്ലീഡിംഗ് ഉണ്ടായി. വളരെ ഗുരുതരമായ സ്ഥിതിയാണ് എന്ന് ഡോക്ടർമാർ അറിയിച്ചപ്പോഴ് രാത്രി 12 മണിക്ക് ഞങ്ങൾ എം. എൽ. എ.-മാർ ആശുപത്രിയിൽ ചെല്ലുമ്പോൾ ഐ. സി. യു.-വിൽ ആ പാവപ്പെട്ട വിദ്യാർത്ഥി വിഷമിച്ച് കിടക്കുകയാണ്. ഞങ്ങൾ പോലീസ് സ്റ്റേഷനിൽ നിന്നും പിടിച്ചുകൊണ്ടുപോയി എന്ന് പറയുന്ന വിമലിന് ഞങ്ങൾ രാത്രി അവിടെ ചെല്ലുമ്പോൾ മുട്ടിലെ ചിരട്ട മാറ്റുന്നതിനുള്ള മൂന്നാമത്തെ ഓപ്പറേഷനാണ് നടക്കുന്നത്. ഞങ്ങൾ 7 എം. എൽ. എ.-മാർ ഇന്നലെ രാത്രി മെഡിക്കൽ കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെ സമയം നിന്നു. ശ്രീ. സുപാൽ അവിടെത്തന്നെയായിരുന്നു. നേതാക്കന്മാരെയാണ് അടിച്ചിരിക്കുന്നത്. മുഖ്യമന്ത്രി പറഞ്ഞു ചർച്ച ചെയ്യാമെന്ന്. അദ്ദേഹം ഇവിടെ വളരെ ബോധപൂർവ്വമായല്ലേ ആ വസ്തുത മാറ്റി ടിസ്റ്റ് ചെയ്ത് പറഞ്ഞത്? ഫീസിന്റെ കാര്യത്തിൽ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളത് സ്വാശ്രയ മാനേജ്മെന്റ് കോളേജുകളിൽ ആയാലും മെഡിക്കൽ കോളേജിലായാലും എഞ്ചിനീയറിംഗ് കോളേജിലായാലും ഗവൺമെന്റ് കോളേജിലെ ഫീസ് ആയിരിക്കണം മെരിറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ ഫീസ് എന്ന് നിയമനിർമ്മാണത്തിലൂടെ തീരുമാനിക്കാം എന്നാണ്. ഈ സഭയിൽ മുഖ്യമന്ത്രി ഉറപ്പു പറഞ്ഞിട്ടുള്ളതാണ്. ആ ഉറപ്പ് പാലിക്കാൻ വേണ്ടിയാണ് വിദ്യാർത്ഥികൾ ഇപ്പോൾ സമരം ചെയ്യുന്നത്. അതുപോലെ അൺ എയ്ഡഡ് കോളേജുകൾ കേരളത്തിൽ വ്യാപകമായി ആരംഭിക്കുന്നു. അൺ എയ്ഡഡ് കോളേജുകളിൽ കോഴ്സുകൾ ആരംഭിച്ചാൽ കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയും ഉന്നത വിദ്യാഭ്യാസ മേഖലയും മുഴുവൻ ഈ സ്വകാര്യ കച്ചവടക്കാരുടെ കൈകളിൽ ആകില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ D. K. Basu *Vs.* State of West Bengal കേസിൽ സുപ്രീംകോടതി 1997-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ 7-മത്തെ ക്ലാസ് ഒന്ന് വായിക്കണം. അറസ്റ്റ് ചെയ്ത ഉടനെ അറസ്റ്റ് ചെയ്യപ്പെട്ടവരുടെ ദേഹത്തുള്ള മൈനറും മേജറുമായ പരുക്കുകൾ ഇൻസ്പെക്ഷൻ മെമ്മോയിൽ രേഖപ്പെടുത്തി അതിന്റെ കോപ്പി അറസ്റ്റ് ചെയ്യപ്പെട്ട ആളെ അറിയിക്കണമെന്ന് സുപ്രീംകോടതി മാർഗ്ഗനിർദ്ദേശമുണ്ട്. അതിന് വിരുദ്ധമായിരുന്നു അവിടെ സംഭവിച്ചത്. ഞങ്ങൾ അവിടെ ചെല്ലുമ്പോൾ, റിസർച്ച് വിദ്യാർത്ഥിയായ വിമൽ എന്ന കുട്ടി തറയിൽ കിടന്ന് നിലവിളിക്കുകയാണ്. അവിടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ വന്ന വാഹനത്തിൽ കൊണ്ടുപോയതല്ലാതെ ഒരു നിയമവിരുദ്ധമായ പ്രവർത്തനവും നടത്തിയിട്ടില്ല. ഇങ്ങനെ തെറ്റിദ്ധരിക്കരുത്. ചർച്ച ചെയ്യണമെങ്കിൽ ഞങ്ങളുടെ വിദ്യാർത്ഥി സംഘടനകൾ തയ്യാറാണ്. ആ ചർച്ച ഉത്തരവാദിത്വത്തോടുകൂടി ഗവൺമെന്റ് നടത്തണം. ഫീസിന്റെ കാര്യത്തിൽ വ്യക്തതയോടുകൂടിയ നിയമനിർമ്മാണത്തിന് പ്രതിപക്ഷത്തിന്റെ പരിപൂർണ്ണമായ പിന്തുണ ഞങ്ങൾ ഇവിടെ പ്രഖ്യാപിച്ചത് ഒന്നുകൂടി ആവർത്തിക്കുകയാണ്. അതല്ലാതെ സമരത്തെ അടിച്ചമർത്തുന്ന രീതിയിൽ മുന്നോട്ടു പോയാൽ.....ഇന്നലെ നടന്ന ലാത്തിച്ചാർജ്ജും കൂടി കൂട്ടി ഈ രണ്ട് വർഷത്തിനുള്ളിൽ 150-ാമത്തെ ലാത്തിച്ചാർജ്ജാണിത്. അതുകൊണ്ട് ഈ നടപടിയിൽ പ്രതിഷേധിക്കുന്നു. ഇന്നത്തെ മുഴുവൻ സഭാനടപടികളിൽനിന്നും ഞങ്ങൾ മാറിനിൽക്കുന്നു എന്നുകൂടി അറിയിച്ചുകൊണ്ട് ഒന്നുകൂടി പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഈ വാക്കൗട്ടിൽ ഞാനും എന്റെ കക്ഷിയിലെ അംഗങ്ങളും പങ്കുചേരുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ മറുപടിയിൽ ഈ സമരം എന്തിന് വേണ്ടി തുടങ്ങി; എന്തിന് വേണ്ടി തുടരുന്നു എന്ന് ചോദിക്കുകയുണ്ടായി. പ്രസക്തമായ ചോദ്യമാണ്. കഴിഞ്ഞ രണ്ട് വർഷക്കാലമായി ഈ സഭയ്ക്കകത്തും പുറത്തും കേരളത്തിലുടനീളവും അങ്ങ് തന്നെ പ്രസംഗിച്ച് നടന്ന കാര്യത്തിന് വേണ്ടിയാണ് വിദ്യാർത്ഥികൾ സമരം ചെയ്യുന്നത്. സഭയിൽ പറഞ്ഞ കാര്യം കണക്കിലെടുത്തുകൊണ്ട് വിദ്യാർത്ഥികൾക്ക് സമരം അവസാനിപ്പിച്ചു കൂടേ അല്ലെങ്കിൽ സമരം തുടങ്ങേണ്ട തുണ്ടായിരുന്നോ എന്ന് അങ്ങ് ചോദിക്കുകയുണ്ടായി. പലപ്പോഴും ഗവൺമെന്റിന്റെ വക്താവായി രംഗത്ത് വരാറുള്ള, അങ്ങയുടെ വക്താവായി രംഗത്ത് വരാറുള്ള ബഹുമാനപ്പെട്ട മന്ത്രി ഹസ്സൻ എന്റെ ഒരു അനൗദ്യോഗിക പ്രമേയത്തിന്റെ ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് പറഞ്ഞു, സഭാ സമ്മേളനം അവസാനിക്കുന്നതിന് മുമ്പ് ഈ സ്വാശ്രയ കോളേജുകളുടെ പ്രവേശനവും ഫീസ് നിരക്കും നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം കൊണ്ടുവരുമെന്ന്, ആ നിയമം കൊണ്ടുവരുമെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട സ്പീക്കർക്ക് പറയാൻ കഴിയുമോ? ഇല്ല, അങ്ങ് പറഞ്ഞ കാര്യം, ശ്രീ. ഹസ്സൻ ഈ സഭയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാത്ത സാഹചര്യമാണുള്ളത്. വിദ്യാർത്ഥി നേതാക്കന്മാർ നടത്തുന്ന നിരാഹാര സമരം ഒരു കലാപമാണെന്ന് വിശേഷിപ്പിച്ചു. അങ്ങ് കലാപത്തിന് എന്ത് നിർവ്വചനമാണ് നൽകുന്നത്? എന്താണ് അങ്ങേക്ക് അതിനെക്കുറിച്ചുള്ള അഭിപ്രായം? കലാ ലയങ്ങളിലും വിദ്യാലയങ്ങളിലും പോലീസ് കയറുന്നത് സംബന്ധിച്ചിടത്തോളം ചില നിയന്ത്രണങ്ങളും നിബന്ധനകളുമുണ്ടായിരുന്നു. ഒന്ന്, സ്കൂൾ ഹെഡ്മാസ്റ്ററുടെ ആവശ്യപ്രകാരം അല്ലെങ്കിൽ കോളേജ് പ്രിൻസിപ്പാളിന്റെ ആവശ്യപ്രകാരം അല്ലാതെ കലാലയങ്ങളിലും വിദ്യാലയങ്ങളിലും പോലീസ് കയറാറില്ല. ഇന്നലെ ഗവൺമെന്റ് ആർട്ട്സ് കോളേജിൽ പോലീസ് കയറിയത് പ്രിൻസിപ്പാളിന്റെ ആവശ്യപ്രകാരമാണോ; മോഡൽ സ്കൂളിൽ കയറിയത് അവിടുത്തെ ഹെഡ്മാസ്റ്ററുടെ ആവശ്യപ്രകാരമാണോ? അങ്ങ് പറയാൻ തയ്യാറാകണം. അതുപോലെ തന്നെ ഇവിടെ എം. എൽ. എ.-മാർ പോലീസ് സ്റ്റേഷനിൽ നിന്ന് പ്രതിയെ പിടിച്ചിറക്കി കൊണ്ടുപോയി എന്നുപറഞ്ഞു. ശ്രീ. സി. കെ. നാണു എത്രയോ കാലമായി അങ്ങേക്ക് അറിയാവുന്ന അങ്ങയുടെ സഹപ്രവർത്തകനായിരുന്ന ആളല്ലേ? ഇങ്ങനെ ഒരു കാര്യത്തിന് അദ്ദേഹം കൂടെ നിൽക്കുമോ? വെറും കപടമായ, കള്ളമായ പോലീസ് എഴുതിത്തരുന്ന, വിലകുറഞ്ഞ റിപ്പോർട്ട് അവതരിപ്പിച്ച്, ഇക്കാര്യത്തെക്കുറിച്ച് വിശദമായ ചർച്ച നടത്താത്ത ഈ ഗവൺമെന്റിന്റെ സമീപനത്തിൽ പ്രതിഷേധിക്കുകയാണ്. ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി).

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: സർ, അത്യന്തം ഗുരുതരവും പൈശാചികവുമായ നിലയിലായിരുന്നു കഴിഞ്ഞ ദിവസം പോലീസ് വിദ്യാർത്ഥികളെ ആക്രമിച്ചത്. ലോക്കപ്പ് മർദ്ദനം അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന ആളുകൾ ഭരിക്കുമ്പോൾ ഉണ്ടായിട്ടുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം വിദ്യാർത്ഥികളെ മാത്രമല്ല, സമരം ചെയ്യുന്ന വിവിധ വിഭാഗം ആളുകളെയും ലോക്കപ്പിൽ കൊണ്ടുപോയി മർദ്ദിക്കുന്ന പ്രാകൃതമായ ഏർപ്പാട് ഉണ്ടായിട്ടുണ്ട്. വിദ്യാർത്ഥികളെ ഇന്നലെ പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്ന് വളരെ ക്രൂരമായി, നീചമായി ആണ് പോലീസ് മർദ്ദിച്ചത്. ആ പരിക്കുകളും പാടുകളും മുറിവുകളും ചതവുകളുമൊക്കെ കാണാൻ ഇടയായതാണ്. ഇത്തരത്തിൽ ഈ ഗവൺമെന്റ് ലോക്കപ്പ് മർദ്ദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭരണം നടത്തുന്നത് അവസാനിപ്പിക്കേണ്ടതാണ്. ഈ ഹീനമായ സംഭവത്തിൽ പ്രതിഷേധിച്ച് ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിച്ച് ഞാനും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. എ. അസീസ് സഭ വിട്ട് പുറത്തുപോയി)

III. ശ്രദ്ധക്ഷണിക്കൽ

(1) ആരോഗ്യമേഖല നേരിടുന്ന പ്രതിസന്ധി

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ ബഹിഷ്ക്കരിച്ച് പോയതിനാൽ ശ്രീ. എം. വി. ജയരാജൻ നോട്ടീസ് നൽകിയിരുന്ന ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കപ്പെട്ടില്ല.)

(2) ലക്ഷംവീട് പദ്ധതിപ്രകാരം നിർമ്മിച്ച വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ദുർബല ജനവിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും ഒട്ടേറെ ആശ്വാസകരമായ പദ്ധതികൾ നടപ്പിലാക്കിയ ഒരു ഗവൺമെന്റാണ് സംസ്ഥാനത്തെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കിയ ഒരു പദ്ധതിയാണ് ലക്ഷംവീട് പദ്ധതി. ഇന്ന് വളരെ വർഷങ്ങൾ പിന്നിട്ട ഈ വീടുകൾ പലതും ചോർന്നൊലിക്കുകയും പലതിനും മേൽക്കൂര ഇല്ലാതെ വെയിലും മഴയും കൊണ്ട് നശിച്ചുകൊണ്ടിരിക്കുകയുമാണ്. അവിടത്തെ താമസക്കാർ വളരെയേറെ വിഷമതകൾ സഹിച്ചുവരികയാണ്. അതോടൊപ്പംതന്നെ ഈ ലക്ഷം വീടുകൾ പലതും ഇന്ന് നശിച്ചുകഴിഞ്ഞു. അവയുടെ എണ്ണം എത്രയോ കുറഞ്ഞുപോയിട്ടുണ്ട്. സാനിട്ടേഷൻ സൗകര്യങ്ങളില്ലാത്ത ഈ വീടുകളിൽ തമസിക്കുന്ന ആളുകൾ വളരെയേറെ വിഷമതകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പലതിനും വാതിലുകളില്ല, മേൽക്കൂരയില്ല, സാനിട്ടേഷൻ സൗകര്യങ്ങളില്ല, കക്കൂസുകളില്ല. ഇക്കൊല്ലം നമുക്കറിയാം, നമ്മുടെ ബഡ്ജറ്റിൽ ലക്ഷം വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക്വേണ്ടി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. അതുകൊണ്ട്തന്നെ നമ്മുടെ സംസ്ഥാനത്തെ മുഴുവൻ ലക്ഷം വീടുകളുടേയും ഒരു സർവ്വേ നടത്തിക്കൊണ്ട് അതിൽ പൂർണ്ണമായും നശിച്ചുപോയ വീടുകൾക്ക് പകരമായി പുതിയ വീടുകൾ നിർമ്മിക്കുവാനും ഭാഗികമായി നശിച്ചുപോയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ഇന്ന് വളരെ ചെറിയ വീടുകളിൽ എത്രയോ ആളുകൾ താമസിച്ചുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രത്യേക പദ്ധതി തയ്യാറാക്കിക്കൊണ്ട് അവ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. നമ്മുടെ